ഭരണഘടനാപരമായ പ്രശ്നങ്ങളും നമ്മുടെ സഭയിലെ മേൽ സൂചിപ്പിച്ച കീഴ്വഴക്കങ്ങളും കണക്കിലെടുത്ത് മൂന്നംഗങ്ങൾ ഉൾക്കൊള്ളുന്നതും ശ്രീ. ബേബി ജോൺ നിയമസഭാ കക്ഷി നേതാവും, പ്രൊഫ. എ.വി താമരാക്ഷൻ ഡെപ്യൂട്ടി ലീഡറും ശ്രീ. ബാബു ദിവാകരൻ സെക്രട്ടറിയും വിപ്പുമായി രൂപീകരിച്ച റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (ബേബി ജോൺ) എന്ന പാർലമെന്ററി പാർട്ടിയെ നിയമസഭയിൽ ഒരു പ്രത്യേക ബ്ലോക്കായി അംഗീകരിക്കുകയും, നിയമസഭയ്ക്കകത്ത് അത്തരത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നു.

ഭരണഘടനയുടെ പത്താം പട്ടികയും അതിന്റെ കീഴിലുള്ള ചട്ടങ്ങളും അനുസരിച്ച് പാർട്ടി അംഗങ്ങളുടെ പേരുവിവരം 1996 ഡിസംബർ 11-ാം തീയതി പുറപ്പെടുവിച്ച 99-ാം നമ്പർ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആർ.എസ്.പി. (ബേബി ജോൺ) എന്ന പാർലമെന്ററി പാർട്ടിയുടെ ആവിർഭാവത്തോടെ ഈ ബുള്ളറ്റിനിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായി 1986 ലെ Kerala Legislative Assembly (Disqualification on ground of Detection) Rules-ലെ 3-ാം ചട്ടത്തിൽ (4)-ാം ഉപചട്ടമനുസരിച്ച് ബന്ധപ്പെട്ടവരിൽ നിന്നും രേഖാമൂലമായ അറിയിപ്പു കിട്ടുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു. ..... ബഹളം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ,....ബഹളം.....

മി. സ്പീക്കർ : പ്ലീസ്, പ്ലീസ് ..... നോ ഡിസ്ക്കഷൻ, നോ ഡിസ്ക്കഷൻ..

III. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ. തമ്പാനൂർ രവി, പി. വിശ്വൻ, പി. രാജു എന്നിവരെ 10-ാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലേക്ക് ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

IV. അടിയന്തിരപ്രമേയം

കണ്ണൂർ ജില്ലയിൽ ഏഴുപേർ കൊല ചെയ്യപ്പെട്ട രാഷ്ട്രീയ സംഘട്ടനങ്ങൾ

മി. സ്പീക്കർ : ഈയിടെ കണ്ണൂർ ജില്ലയിലെ തലശ്ശേരി, പാനൂർ മേഖലയിലുണ്ടായ സംഘട്ടനങ്ങളുടെയും കൊലപാതകങ്ങളുടെയും ഫലമായി അവിടെ നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെ സംബന്ധിച്ചു സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, പി.കെ. കുഞ്ഞാലിക്കുട്ടി, ടി.എം. ജേക്കബ്, ആർ. ബാലകൃഷ്ണപിള്ള എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിന്റെ ചില മേഖലകളിൽ വർഷങ്ങളായി രാഷ്ട്രീയ സംഘർഷങ്ങളും അതിനോടനുബന്ധിച്ചുള്ള പ്രശ്നങ്ങളും നിലനിൽക്കുകയായിരുന്നു. 1999 ആഗസ്റ്റ് 25-ാം തീയതി തിരുവോണ ദിവസം സി.പി.ഐ.(എം) നേതാവ് പി. ജയരാജനെ വീട്ടിൽ കയറി ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവമു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി. തുടർന്ന് നിലനിന്ന സംഘർഷസ്ഥിതിയാണ് 1999 ഡിസംബർ ആദ്യ വാരത്തിൽ രൂക്ഷമായത്. ഏറ്റവും ഒടുവിലുണ്ടായ സംഭവങ്ങളിൽ ബി.ജെ.പി. നേതാവ് ജയകൃഷ്ണനുൾപ്പെടെ മൂന്നുപേരും സി.പി.ഐ. (എം) പ്രവർത്തകരായ കുഞ്ഞിക്കണ്ണനുൾപ്പെടെ 4 പേരും സംഘട്ടനങ്ങളിൽ കൊല ചെയ്യപ്പെട്ടു. വ്യത്യസ്ത സംഭവങ്ങളിൽ ഇരു വിഭാഗങ്ങളിലുംപെട്ടവർക്ക് ഗുരുതരമായ പരിക്കേൽക്കുകയുണ്ടായിട്ടുണ്ട്. ഇതെല്ലാം തികച്ചും ദൗർഭാഗ്യകരമായ സംഭവങ്ങളാണ്. സംഘർഷം നിയന്ത്രിക്കുന്നതിനുവേണ്ടി ഉത്തര മേഖലാ ഐ.ജി. ശ്രീ. സിബി മാത്യൂവിന്റെ നേതൃത്വത്തിൽ ഈ മേഖലയിൽ സുശക്തമായ പോലീസ് സംവിധാനം ഏർപ്പെടുത്തുകയും നിരോധനാജ്ഞ നടപ്പിലാക്കുകയും ചെയ്തു. അക്രമ സംഭവങ്ങൾ അമർച്ച ചെയ്യുന്നതിനുവേണ്ടി രംഗത്തെത്തിയ പോലീസുദ്യോഗസ്ഥൻമാർക്കു നേരെ ബി.ജെ.പി. ആർ.എസ്.എസ്. പ്രവർത്തകർ ബോംബാക്രമണം നടത്തിയ സംഭവങ്ങളുണ്ടായിട്ടുണ്ട്. തലശ്ശേരി എ.എസ്.പി., തിരൂർ ഡി.വൈ.എസ്.പി., കൊളവല്ലൂർ സി.ഐ., ഇരിട്ടി സി.ഐ., മട്ടന്നൂർ എസ്.ഐ. തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള സംഘങ്ങളെയാണ് വ്യത്യസ്ത സംഭവങ്ങളിൽ ബോംബെറിഞ്ഞും മറ്റും ആക്രമിച്ചത്. അക്രമസംഭവങ്ങൾക്കെല്ലാമെതിരായി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സംഘർഷ മേഖലകളിൽ ശാശ്വത സമാധാനം ഉറപ്പു വരുത്തുന്നതിനുവേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 1999 ഡിസംബർ മാസം 6-ം തീയതി കണ്ണൂരിൽ ഞാൻ സർവ്വകക്ഷി സമാധാന സമ്മേളനം വിളിച്ചു ചേർക്കുകയുണ്ടായി. ഈ സമ്മേളനം വിളിക്കുന്നതിന് ബഹുമാനപ്പെട്ട ഇ. അഹമ്മദ് എം.പി., ശ്രീ. എ.കെ. ആന്റണി തുടങ്ങിയ നേതാക്കൾ ആവശ്യപ്പെടുകയുണ്ടായി. സമാധാന സമ്മേളനത്തിന്റെ മുന്നോടിയായി സംസ്ഥാനത്തെ എല്ലാ പ്രധാന രാഷ്ട്രീയ നേതാക്കളുമായി പ്രത്യേകം പ്രത്യേകം ചർച്ച നടത്തിയിരുന്നു. സംഘർഷ മേഖലയിൽ ശാശ്വത സമാധാനം ഉറപ്പു വരുത്തുന്നതിനുവേണ്ടി പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയാണ് എല്ലാവരും പ്രകടിപ്പിച്ചത്. കണ്ണൂരിൽ നടന്ന സർവ്വകക്ഷി സമാധാന സമ്മേളനത്തിൽ കേരളത്തിലെ എല്ലാ പ്രമുഖ കക്ഷികളുടെയും സംസ്ഥാന നേതാക്കൾ തന്നെ സന്നിഹിതരായിരുന്നു. സമാധാനം ഉറപ്പു വരുത്തുന്നതിനും അക്രമങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും ഈ സമ്മേളനം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സമാധാന സമ്മേളനം താഴെപ്പറയുന്ന പ്രമേയം ഐകൃകണ്ഠേന അംഗീകരിച്ചു. "ജനങ്ങളുടെ സൈരമായ ജീവിതത്തിനു ഭീഷണിയാകും വിധം നടന്ന അക്രമ സംഭവങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട എല്ലാവരോടും ഈ സർവ്വകക്ഷി സമാധാന സമ്മേളനം അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ വിവിധ കാരണങ്ങളാലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങളുടെ പേരിൽ നിലനിൽക്കുന്ന പകയും വിദ്വേഷവും മാറ്റാനും പരിപൂർണ്ണവും ശാശ്വതവുമായ ശാന്തിയും സമാധാനവും ഉറപ്പുവരുത്താനും പരസ്പരം സഹകരിച്ചും ഐക്യത്തോടെയും പ്രവർത്തിക്കണമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട പ്രവർത്തകരോടും അനുഭാവികളോടും ഈ സമ്മേളനം അഭ്യർത്ഥിക്കുന്നു. കക്ഷി രാഷ്ട്രീയ ജാതിമത ഭേദങ്ങൾക്കതീതമായി ജനങ്ങളാകെ സമാധാനം ആഗ്രഹിക്കുന്നു. ജനജീവിതം സമാധാനപൂർണ്ണമാക്കുന്നതിനുവേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടികളും ഒറ്റയ്ക്കും കൂട്ടായും യജ്ഞിക്കുമെന്ന് സർവ്വകക്ഷി സമ്മേളനം തീരുമാനിക്കുന്നു. സമാധാനം പുലരാൻ ആഗ്രഹിക്കാത്ത ചില ശക്തികൾ നമ്മുടെ കൂട്ടായ ശ്രമത്തെ പരാജയപ്പെടുത്താൻ ശ്രമിച്ചുവെന്ന് വരാം. അത്തരക്കാരെ കക്ഷി പരിഗണന നോക്കാതെ ഒറ്റപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്താനും തള്ളിപ്പറയാനും ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികളും പ്രബുദ്ധരായ ജനതയും ഏകമനീഭാവത്തോടെ തയ്യാറാകുമെന്നും ഈ യോഗം വിശ്വസിക്കുന്നു.'' സമാധാന സമ്മേളനത്തെ തുടർന്ന് കഴിഞ്ഞ ഒരാഴ്ചക്കാലം ഈ മേഖലയിൽ അക്രമ സംഭവമൊന്നും തന്നെ ഉണ്ടായിട്ടില്ല. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സർവ്വകക്ഷി സമാധാന കമ്മിറ്റി യോഗം ചേരുകയും ആവശ്യമായ നടപടികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ഡിസംബർ 11-ാം തീയതി സംഘർഷബാധിത മേഖലയിൽ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. എ.സി. ഷൺമുഖദാസിന്റെ നേതൃത്വത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളുടെയും ജില്ലാതല നേതാക്കൾ പങ്കെടുത്തുകൊണ്ട് സമാധാന യാത്രയും സമ്മേളനങ്ങളും നടത്തിയിട്ടുണ്ട്. അക്രമ സംഭവങ്ങളിൽപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും ആയുധങ്ങളും സ്ഫോടക വസ്തുക്കളും പിടിച്ചെടുക്കുന്നതിനുമുള്ള ശക്തമായ സന്നാഹങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അക്രമങ്ങളോടനുബന്ധിച്ചു വീട് മാറി താമസിക്കുന്നവരേയും മറ്റും തിരിച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇപ്പോൾ സ്ഥലത്ത് പൂർണ്ണമായും സമാധാനം കൈവന്നുകൊണ്ടിരിക്കുകയാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സംസ്ഥാന നേതൃത്വം തന്നെ ഇടപെട്ടുകൊണ്ട് പരസ്പര സഹകരണത്തോടെ പ്രശ്നം പരിഹരിക്കാനാണ് സർക്കാർ മുൻകൈയെടുത്തിട്ടുള്ളത്. സമാധാനം സ്ഥാപിക്കുന്നതിന് സഹകരിച്ച എല്ലാ രാഷ്ട്രീയ പാർട്ടികളോടും നേതാക്കളോടും സർക്കാരിന്റെ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. തുടർന്നും അക്രമങ്ങൾ ഒഴിവാക്കി സമാധാനം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഭരണ പ്രതിപക്ഷഭേദമെന്യേ നമുക്ക് സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അതിന് എല്ലാവരുടേയും സഹകരണം സർക്കാർ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ സ്ഥലത്ത് സ്ഥിതിഗതികൾ തികച്ചും ശാന്തമാണ്. സഭാ നടപടികൾ നിർത്തി വച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, കണ്ണൂർ ജില്ലയിൽ രാഷ്ട്രീയ സംഘട്ടനങ്ങളെത്തുടർന്നുണ്ടായ ഗുരുതരമായ സ്ഥിതി വിശേഷത്തെക്കുറിച്ച് സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ നോട്ടീസ് നൽകിയത് ഈ പ്രശ്നം ആളിക്കത്തിക്കാൻ വേണ്ടിയല്ല. മറിച്ച് അവിടെ ഇന്നുണ്ടായിട്ടുള്ള സമാധാനം ശാശ്വതമാക്കാൻ വേണ്ടിയാണ്. ഇന്നു കാണുന്ന ശാന്തത ശാശ്വതമാക്കണമെങ്കിൽ ഈ ഗുരുതരമായ സ്ഥിതിയിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്താണെന്നു മനസ്സിലാക്കണം. രോഗത്തിനു ചികിൽസിക്കണമെങ്കിൽ രോഗ കാരണങ്ങൾ കണ്ടുപിടിക്കണം. ഈ പ്രശ്നം ആളിക്കത്തി നിന്നിരുന്ന അവസരത്തിൽപ്പോലും ഞങ്ങളുടെ ഭാഗത്തുനിന്നും അത് വലുതാക്കാൻ ശ്രമിച്ചിട്ടില്ല. എങ്ങനെയും അവിടെ സമാധാനം ഉണ്ടാക്കാനാണ് ശ്രമിച്ചത്. അതല്ലാതെ ഗവൺമെന്റിന്റെ വിഴ്ചകൾ ഉയർത്തിക്കാട്ടുവാനും ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാനും ഗവൺമെന്റിനെ അടിക്കാനുള്ള ഒരു വടിയായിട്ടും കണ്ണൂരിലെ ഈ കൊലപാതകങ്ങളെ ഞങ്ങൾ ഉപയോഗിച്ചിട്ടില്ല. പ്രതിപക്ഷ നേതാവ് അവിടെ എത്തി രണ്ടു ദിവസം ക്യാമ്പ് ചെയ്തു. പക്ഷെ സംഭവ സ്ഥലത്ത് പോലും പോയില്ല. കാരണം കളക്ടറും പോലീസുമൊക്കെ പറഞ്ഞു സംഭവം നടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അവിടെ പ്രതിപക്ഷ നേതാവ് സന്ദർശിക്കുന്നത് അവർക്ക് ബുദ്ധിമുട്ടാകുമെന്ന്. ആ നിർദ്ദേശത്തോടു സഹകരിച്ചു. സമാധാന സമ്മേളനത്തിൽപ്പോലും അങ്ങ് പ്രതിപക്ഷ നേതാവിന്റെയും ശ്രീ. ഇ. അഹമ്മദിന്റേയും പേര് എടുത്തു പറഞ്ഞ് നന്ദി പറഞ്ഞു. ഈ പ്രശ്നം ആളിക്കത്തി നിന്ന സമയത്ത് സമാധാനം ഉണ്ടാക്കുന്നതിന് സഹകരിച്ച ഞങ്ങൾ ഇവിടെ ചർച്ച വേണമെന്നു പറഞ്ഞത് ഇന്ന് അവി

LIBRARY ARCHIVES Kerala Legislative Assembly

ടെയുണ്ടാക്കിയിട്ടുള്ള സമാധാനത്തെ എതിർക്കാനോ, അതിനു തുരങ്കം വയ്ക്കാനോ, മറ്റൊന്നിനുമല്ല. പക്ഷെ അവിടെ വന്ന ചില വീഴ്ചകൾ നമ്മൾ മനസ്സിലാക്കുന്നില്ലെങ്കിൽ ഇതിനുമുൻപ് ഉണ്ടാക്കിയതുപോലുള്ള സമാധാന കരാറായിട്ടു മാറും, ആ ഒരു ഭയമുണ്ട്. അതുകൊണ്ടാണ് ഇതിനെക്കുറിച്ച് ചർച്ച വേണമെന്ന് പറഞ്ഞത്. സമാധാന കരാർ ഉണ്ടാക്കിയിട്ട് ഒരാഴ്ചയായി. ഏഴ് കൊലപാതകത്തിലുൾപ്പെട്ട ഒരാളെപ്പോലും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അവിടെയെല്ലാവർക്കും അറിയാം വൻതോതിലുള്ള ആയുധശേഖരമുണ്ടെന്ന്. പക്ഷെ ഇതുവരെ ആയുധ ശേഖരങ്ങളൊന്നും പിടിച്ചെടുക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ജനങ്ങളുടെ മനസ്സിൽ ഉയർന്നിട്ടുള്ള ഒരു സംശയം ഈ സമാധാനം എത്ര നാളത്തേയ്ക്ക് എന്നാണ്. ആ സംശയത്തിനു മാറ്റമുണ്ടാക്കണം. ഇതിനു മുൻപ് പല സമാധാന കരാറുകളും ഉണ്ടായിട്ടുണ്ട്. പക്ഷെ അത് പിന്നീട് ലംഘിക്കപ്പെട്ടു. ഇതിനു മുൻപുണ്ടായ സമാധാന കരാർ പോലെയാകരുത് ഈ കരാർ. മരിച്ച ഏഴുപേരുടെയും വീടുകളിൽ പോയ ഒരു വ്യക്തിയാണ് ഞാൻ. ശ്രീ. ജി. കാർത്തികേയനും ഞങ്ങളുടെ മറ്റു നേതാക്കളുമൊക്കെ അവിടെ പോയി. ഞങ്ങളുടെ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരല്ല, ആ 7 പേരുടെ കുടുംബാംഗങ്ങളുടെ ദുഃഖം കണ്ട ഞങ്ങൾക്കാർക്കും ചിരിക്കാൻ സാധിക്കുകയില്ല. അവരുമായിട്ട് രാഷ്ട്രീയമായിട്ടുള്ള ബന്ധം ഇല്ല. അവരെ ആദ്യമായിട്ട് കാണുകയാണ്. പക്ഷെ എല്ലാം നഷ്ടപ്പെട്ട ആ ഏഴ് കുടുംബത്തിന്റെ ദുഖം കാണുമ്പോൾ ആർക്കും ചിരിക്കാനാകില്ല. ആ സംഭവത്തിന് എന്താണ് കാരണം? ഒന്ന് - പോലീസിന്റെ ദയനീയ പരാജയം. രണ്ട്, ചില രാഷ്ട്രീയ പാർട്ടികളുടെ പ്രതികാര മനോഭാവം. ഇതു രണ്ടുമാണ് കാരണം. കണ്ണൂരിൽ നടന്ന സംഭവങ്ങൾക്ക് ശാശ്വത പരിഹാരം വേണമെന്ന് നമ്മൾ ചിന്തിക്കുമ്പോൾ പരിഹാരമാർഗ്ഗം എന്താണ് എന്ന് നോക്കണം. പോലീസിന്റെ കാര്യക്ഷമവും നിഷ്പക്ഷവുമായ നടപടി വേണം. സാധാരണ ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ ഇന്റലിജൻസ് ഫെയിലുവർ എന്നാണ് പറയുന്നത്. കണ്ണൂർ സംഭവത്തിൽ ഇന്റലിജൻസ് ഫെയിലുവർ എന്നുള്ള ഒരു വാദമുഖം ഉന്നയിക്കാൻ ആർക്കും സാധ്യമല്ല. അങ്ങുതന്നെ പറഞ്ഞല്ലോ, ആഗസ്റ്റ് 25 നുണ്ടായ സംഭവത്തെക്കുറിച്ച് അത് ഏറ്റവും മൃഗീയമായിരുന്നു. തിരുവോണ ദിവസം വീട്ടിൽ കയറി ഭാര്യയുടെയും കുടുംബാംഗങ്ങളുടെയും മുൻപിലിട്ട് വെട്ടുക. അവർ മരിച്ചു എന്നു വിചാരിച്ചു ഇറങ്ങിപ്പോയി. അന്നു മുതൽ പോലീസ് അവിടെയുണ്ട്. ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റ് എല്ലാ മുന്നറിയിപ്പുകളും നൽകി. പക്ഷെ യാതൊരു മുൻകരുതലും എടുത്തില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു ഞാൻ ചോദിക്കുന്നു. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നുവെന്ന് വിചാരിക്കരുത്. കറക്ടീവായിട്ടുള്ള ഒരു അപ്രോച്ചായി എടുത്താൽ മതി. അവിടെയുണ്ടായ ചില സംഭവവികാസങ്ങളിൽ പോലീസെടുത്ത നടപടി ഫലപ്രദമായിരുന്നോ? പാനൂർ സ്കൂളിൽ ഒരു അദ്ധ്യാപകന്റെ ബാഗിലിരുന്ന ഒരു ബോംബ് പൊട്ടി. എന്തായി ആ കേസ്സ് എന്ന് മുഖ്യമന്ത്രിയോടു ചോദിക്കുകയാണ്. ഒരു സ്കൂളിലെ അദ്ധ്യാപകന്റെ ബാഗിലിരുന്ന് ബോംബ് പൊട്ടുന്നു. അത് കഴിഞ്ഞ് കതിരൂർ പുലിയോട് വച്ച് ബോംബ് പൊട്ടി. സി.പി.എം. ന്റെ രണ്ടു പ്രവർത്തകർ മരിക്കുന്നു. രണ്ടുപേർക്ക് ഗുരുതരമായ പരിക്കുപറ്റി. അവിടെയുണ്ടായത് ഏറ്റവും വലിയ സ്ഫോടനമാണ്. കേസ്സ് ക്രൈം ബ്രാഞ്ചിനു കൊടുത്തുവെന്ന് പത്രത്തിൽ കണ്ടതിനപ്പുറത്ത് കേസ്സന്വേഷണം എവിടെ എത്തി എന്നു മനസ്സിലാകുന്നില്ല. കളക്ടറേറ്റു വളപ്പിൽനിന്ന് 5 പേരെ സ്റ്റീൽ ബോംബോടുകൂടി അറസ്റ്റു ചെയ്തു. രണ്ടുപേർ ഓടിപ്പോയി. ഓടിപ്പോയവരെ ഇതുവരെ പിടി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ പറ്റിയിട്ടില്ല. ജുഡീഷ്യൽ കസ്റ്റഡിയിലിരിക്കുന്ന 5 പേരെ ചോദ്യം ചെയ്യാൻ പോലീസ് ഇന്നുവരെ ആവശ്യപ്പെട്ടിട്ടില്ല. അവരെ ചോദ്യം ചെയ്തിരുന്നുവെങ്കിൽ ഓടിപ്പോയ രണ്ടുപേർ ആരാണ്, ഈ ബോംബ് എവിടെയുണ്ടാക്കി എന്നൊക്കെ അറിയിക്കാൻ സാധിക്കുമായിരുന്നു. നടന്നോ? തലശ്ശേരി എ.എസ്.പി യെ നിരവധി പോലീസുകാരുടെ സാന്നിദ്ധ്യത്തിൽ വച്ച് ബോംബെറിഞ്ഞു. പേരിനു 5 പേരെ അറസ്റ്റു ചെയ്ത് റിമാൻഡ് ചെയ്തു. എന്നിട്ട് അവരെ ചോദ്യം ചെയ്തോ? എവിടെ നിന്നാണ് ആ ബോംബുണ്ടാക്കിയത്? ഒരു എ.എസ്.പി യെ പട്ടാപ്പകൽ ബോംബെറിഞ്ഞിട്ട് അതിന്റെ നടപടി എന്തായി? എന്താണിത്? ഈ ബോംബ് എവിടെ നിന്ന് ഉണ്ടാക്കി? ആരുണ്ടാക്കി? എന്നുപോലും അന്വേഷിക്കാൻ സാധിച്ചിട്ടില്ല. ഇതുപോലെ നിരവധി സംഭവങ്ങൾ. ഞാൻ നാലു സംഭവങ്ങൾ മാത്രമാണ് പറഞ്ഞത്. അങ്ങ് ഇതൊന്നു പരിശോധിക്കണം. ഈ നാലു സംഭവങ്ങളിലും ഫലപ്രദമായ നടപടികൾ എടുത്തിരുന്നോ? എങ്കിൽ കാര്യങ്ങൾ ഇതിൽനിന്നും വ്യത്യസ്തമാകുമായിരുന്നു. പക്ഷെ അത് ഉണ്ടായില്ല. ഇന്ന് പോലീസിനെതിരെ അക്രമങ്ങൾ കൂടിക്കൂടി വരുന്നു. പോലീസിനെ ആക്രമിക്കുന്നു. ഇതിനു മുൻപ് ഇവിടെ പോലീസുകാരെ ആക്രമിച്ചിട്ടുണ്ട്. ഒറ്റയ്ക്കു പോകുന്ന പോലീസുകാരനെ വെട്ടിക്കൊന്നിട്ടുണ്ട്. രാത്രിയിൽ പോലീസ് സ്റ്റേഷൻ ആക്രമിച്ച വിപ്ലവകാരികളുടെ നാടാണിത്. അർദ്ധരാത്രിയിൽ നക്സലൈറ്റുകൾ എസ്.ഐ യെ വെട്ടിക്കൊല്ലുകയാണ് ചെയ്തത്. രാത്രിയിൽ കേരളത്തിലെ പോലീസ് സ്റ്റേഷൻ ആക്രമിച്ചിട്ടുണ്ട്. പക്ഷെ ഇന്ന് കേരളത്തിൽ നടക്കുന്നത് എന്താണ്? എ.എസ്.പി. യെ പട്ടാപ്പകൽ നിരവധി പോലീസുകാരുടെ സാന്നിദ്ധ്യത്തിൽ ബോംബെറിഞ്ഞിട്ട് ഒരാളെപ്പോലും പിടിക്കാൻ സാധിക്കാതെ പോലീസ് നോക്കി നിൽക്കുന്നു. എ.എസ്.പി യെ സ്ഥലം മാറ്റി. സി.ഐ. യുടെ റിവോൾവർ എടുത്തുകൊണ്ട് പോകുന്നു. പോലീസ് വാനിൽനിന്ന് തോക്കോടുകൂടി പോലീസുകാർ പ്രാണരക്ഷാർത്ഥം ഓടി മറ്റൊരു വീട്ടിൽ കയറിയെന്നാണ് പത്രങ്ങൾ എഴുതിയിരിക്കുന്നത്. എന്താണിത്? ജനങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ട പോലീസിന് സംരക്ഷണം ഇല്ലാത്ത സ്ഥിതി വന്നിരിക്കുന്നു. പോലീസിനെതിരായുള്ള ഈ ആക്രമത്തെ നിങ്ങൾ ഗൗരവമായി കാണുന്നുണ്ടോ? ഇവിടെ പോലീസിനെ ആക്രമിക്കുന്നു. പോലീസ് സ്റ്റേഷനുകൾ ആക്രമിക്കുന്നു. പോലീസ് കസ്റ്റഡിയിൽ നിന്നും പ്രതികളെ ബലമായി പിടിച്ചുകൊണ്ടു പോകുന്നു. പോലീസിന്റെ കൈയ്യിൽ നിന്ന് ആയുധങ്ങൾ തട്ടിയെടുക്കുന്നു. ഇതിൽക്കൂടുതൽ ഭീതി ജനിപ്പിക്കുന്ന സാഹചര്യം എന്താണ്? ഇതൊക്കെ ആരാണ് ചെയ്യുന്നത്. രാജ്യത്തെ പ്രതിപക്ഷ കക്ഷികളല്ല. കേന്ദ്രം ഭരിക്കുന്ന പാർട്ടിയും കേരളം ഭരിക്കുന്ന ആഭ്യന്തര വകുപ്പു മന്ത്രിയുടെ പാർട്ടിക്കാരും കേരളം ഭരിക്കുന്ന പാർട്ടിയും പോലീസിനെ ആക്രമിക്കുന്നു. ഇവിടെ നടപടിയില്ല. എന്തു ഫലപ്രദമായ നടപടിയാണ് സ്വീകരിച്ചത്? ജയകൃഷ്ണനെ കൊലചെയ്തിട്ടു അദ്ദേഹത്തിന്റെ ഗൺമാന്റെ റിവോൾവർ തട്ടിയെടുത്തു. ആ റിവോൾവർ നഷ്ടപ്പെട്ടുപോയി എന്ന് പോലീസ് പറഞ്ഞുവെങ്കിൽ ഞങ്ങൾക്ക് ഇത്രയും ദുഃഖം ഉണ്ടാകുമായിരുന്നില്ല. അക്രമികൾ ബലമായിട്ട് സി.ഐ. യുടെ റിവോൾവർ എടുത്തുകൊണ്ടു പോയതുപോലെ ഇതും കൊണ്ടുപോയി എന്നു ആശ്വസിക്കാമായിരുന്നു. ലൈബ്രറിയിൽ ഒരു കുട്ടി ചെന്ന് പുസ്തകമെടുത്തിട്ട് തിരിച്ചു കൊടുക്കുന്ന ലാഘവ ബുദ്ധിയോടുകൂടി ആ റിവോൾവർ തിരിച്ച് പോലീസ് സ്റ്റേഷനിൽ കൊടുത്തു. ഇത് എന്ത് നിയമപാലനമാണ്. ജയകൃഷ്ണന്റെ ഗൺമാന്റെ കൈയിൽനിന്നും തട്ടിയെടുത്ത റിവോൾവറാണിത്. ജയകൃഷ്ണനെ

LIBRARY ARCHIVES Kerala Legislative Assembly

കൊലചെയ്ത ആളെ അറസ്റ്റു ചെയ്തിട്ടില്ല. ആ റിവോൾവർ കൊണ്ടുവന്ന വരെ അറസ്റ്റു ചെയ്തിട്ടില്ല. അറസ്റ്റ് ചെയ്യേണ്ടേ? ആരാണ് അതിന്റെ പുറകി ലെന്ന് അറിയണ്ടേ? എങ്ങനെ ജനങ്ങൾക്ക് ഭീതിയുണ്ടാകാതിരിക്കും. പോലീസിനെ പോലീസായി പ്രവർത്തിക്കാൻ അനുവദിക്കണം. എനിക്ക് പറ യാനുള്ള രണ്ടാമത്തെ കാര്യം ചില രാഷ്ട്രീയ പാർട്ടികളുടെ പ്രതികാര മനോഭാവമാണ് പ്രശ്നം. ചില രാഷ്ട്രീയ പാർട്ടികളുടെ പ്രതികാര മനോഭാവ മാണ് പ്രശ്നം. അത് മാറണം. ഒരു സംഭവമുണ്ടായാൽ അതിനെതിരെ നിയമ നടപടികൾ ഉണ്ടാകണം. ഫലപ്രദമായ നിയമ നടപടികൾ ഉണ്ടാകണം. ഇത് കാട്ടു നീതിയാണ്.ഈ കാട്ടു നീതി നമുക്ക് വേണ്ട. ഈ പ്രതികാര രാഷ്ട്രീയം നമുക്ക് അവസാനിപ്പിക്കണം. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അവിടെ ഒത്തു തീർപ്പുണ്ടാക്കി. ബഹുമാനപ്പെട്ട ടി.കെ. ബാലൻ ആ കത്തിൽ ഒപ്പിട്ടതാണത്. പക്ഷെ പിറ്റേ ദിവസം ജയകൃഷ്ണനെ സ്കൂളിൽവച്ച് കൊലപ്പെടുത്തി. പിഞ്ചു കുട്ടികളുടെ മുൻപിൽ വച്ചാണ് അതുണ്ടായത്. ഇന്നും ആ കുട്ടികൾക്ക് സ്കൂളിൽ വരാൻ സാധിക്കുന്നില്ല. ജയരാജന്റെ വീട്ടിൽ കയറി നടത്തിയ അക്രമവും വളരെ ക്രൂരം തന്നെയാണ്. നമുക്ക് അതിനോട് യോജിക്കാൻ നിവൃത്തിയില്ല. പക്ഷെ ഈ പ്രതികാര രാഷ്ട്രീയം നമുക്ക് അവസാനിപ്പി ക്കണം. ഇത്രയും ക്രൂരമായ കൊലപാതകമുണ്ടായത് സ്കൂളിൽ വച്ചാണ്. പിഞ്ചുകുട്ടികളുടെ മുൻപിൽ വച്ചാണ്. ഈ ക്രൂരതയ്ക്കെതിരായി പ്രചരണം നടത്തുന്നതിനു പകരം ബി.ജെ.പി. സ്വീകരിച്ചത് നിരപരാധിയും ഒരു തൊഴിലാളിയുമായ മനോജിനെ ജോലിക്ക് പോയിട്ട് തിരിച്ചു വരുന്ന വഴിക്ക് നടുറോഡിലിട്ട് വെട്ടിക്കൊല്ലുന്നു. പിന്നെ അവിടെനിന്ന് കൊലയ്ക്ക് കൊല എന്നുള്ള പ്രതികാര രാഷ്ട്രീയം മുന്നോട്ടു പോവുകയാണ് ചെയ്തത്. ഈ രണ്ടു പാർട്ടികളുടെയും സമീപനത്തോട് യോജിക്കാൻ നിവൃത്തിയില്ല. ഞങ്ങൾ ഇത് പറയുന്നത് കുറ്റപ്പെടുത്താനല്ല. കറക്ടു ചെയ്യാനാണ്. അങ്ങ് ഒരു സ്റ്റേറ്റ്മെന്റ് ഇറക്കി. അത് നൂറു ശതമാനം ശരിയാണ്. കേരളത്തിനേക്കാൾ കൂടുതൽ പേർ ബീഹാറിലും യു.പി യിലും കാശ്മീരിലും മരിക്കുന്നില്ലേ യെന്ന്. ശരിയാണ്, പക്ഷെ ആരാണ് അവിടെ കൊല ചെയ്യുന്നത്. അവിടെ കൊല ചെയ്യുന്നത് നിരോധിച്ചിട്ടുള്ള ചില സംഘടനകളാണ്, നക്സലൈറ്റുക ളാണ്. ഭീകര സംഘങ്ങളാണ്, വിഘടന വാദികളാണ്. കണ്ണൂരിലാണെങ്കിൽ രണ്ടു രാഷ്ട്രീയ പാർട്ടികളാണ്. കേന്ദ്രം ഭരിക്കുന്ന പാർട്ടിയും കേരളം ഭരി ക്കുന്ന പാർട്ടിയും. രണ്ടുപേരും ആളുകളെ പകരത്തിനു പകരം കൊല ചെയ്ത് പിറ്റേ ദിവസം സമാധാന ചർച്ചയ്ക്കുവേണ്ടി ഒന്നിച്ചു ചേരുകയാണ്. സമാധാന ചർച്ച ഒപ്പിട്ടതിനുശേഷം പൊട്ടിച്ചിരിച്ചുകൊണ്ടു ഇറങ്ങി വരികയാ ണ്. ബീഹാറിലും. യു.പി. യിലും, ആന്ധ്രായിലും നടക്കുന്നതുപോലെയാ ണോ കേരളത്തിൽ. അവിടെ നിരോധിച്ചിട്ടുള്ള സംഘടനകൾ, ഭീകര സംഘ ങ്ങൾ കൊല ചെയ്തിട്ടു കാട്ടിലേക്ക് ഓടിപ്പോവുകയാണ്. അവർ നിരോധിക്ക പ്പെട്ട സംഘടനയാണ്. ഇതുപോലെ രണ്ടു രാഷ്ട്രീയ പാർട്ടികൾ 'കൊലയ്ക്കു കൊല' എന്ന മുദ്രാവാക്യവുമായി കൊല നടത്തുന്ന ഇന്ത്യ യിലെ ഏക സംസ്ഥാനം കേരളമാണ്. ഇതുപോലെയുള്ള കാടത്തം നടക്കു ന്നത് ഇൻഡ്യയിൽ ഇവിടെ മാത്രമാണ്. ഇവിടെ മനുഷ്യ ജീവന് വിലയില്ല. ഇവിടെ വിലയുള്ളത് രക്തസാക്ഷികൾക്കാണ്. ഇതു മാറണം. ഈ പ്രതികാര രാഷ്ട്രീയം മാറണം. ജയരാജിന്റെ സംഭവം കഴിഞ്ഞശേഷം പാർലമെൻറ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് പലിശ സഹിതം തിരിച്ചു കൊടുക്കുമെന്ന് പറഞ്ഞു. മുതലിനേക്കാൾ വലുതാണ് പലിശ എന്ന് ഇപ്പോൾ കേരളത്തിലെ ജനങ്ങൾ അത് മനസ്സിലാക്കിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

മൂന്നു നിർദ്ദേശങ്ങളാണ് മുന്നോട്ടു വയ്ക്കാനുള്ളത്. ഇന്ന് നടപ്പാക്കിയിട്ടുള്ള സമാധാന കരാർ ശാശ്വതമാക്കണം. അതിനു ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കണം. ഒരു കാര്യം ഞങ്ങൾ അർദ്ധശങ്കയ്ക്കിടയില്ലാതെ പറയാം. ഇങ്ങേ ഭാഗത്തുനിന്നും അങ്ങേയ്ക്ക് കലവറയില്ലാത്ത പിൻതുണയുണ്ടാകും. അങ്ങയുടെ പാർട്ടിയുടെ ഭാഗത്തു നിന്നും പിന്തുണ ലഭിക്കുമോ എന്ന് അറിയില്ല. നമുക്ക് സമാധാനം വേണം. ശാശ്വത സമാധാനം വേണം.

[10 AM] അങ്ങേയ്ക്ക് അതു നടപ്പിലാക്കണമെങ്കിൽ അങ്ങു മൂന്നു കാര്യങ്ങൾ ചെയ്യേണ്ടിവരും. ഒന്നാമതായി, ഈ കൊലപാതകങ്ങളെല്ലാം ഒരു സംഘട്ടനത്തിൽ നടക്കുന്നതല്ല. കരുതിക്കൂട്ടി പ്ലാൻ ചെയ്ത് നിരപരാധികളെ വീട്ടിൽ കയറി വെട്ടിക്കൊല്ലുകയാണ്. ഇതിൻറ പുറകിൽ ഗൂഢാലോചനയുണ്ട്. ഇനി ഇതുപോലുള്ള കൊലപാതകങ്ങൾക്കെല്ലാം ഗൂഢാലോചനയിൽ പങ്കെടുക്കുന്നവർക്കെതിരായിട്ടു കേസ്സെടുക്കുമെന്ന് പറയാൻ അങ്ങേയ്ക്ക് ചങ്കൂറ്റമുണ്ടോ? ഇവിടെ പ്രതികളെ ഒളിപ്പിക്കുന്നവരുണ്ട്. ഈ കൊലപാതകങ്ങൾ കഴിഞ്ഞിട്ട് രണ്ടാഴ്ചയായി. ഇത്രയും ദിവസം ഒളിച്ചിരിക്കാൻ ഈ കൊല ചെയ്തവർക്കു മാത്രം സാധിക്കുകയില്ല. അവരുടെ പുറകിൽ ചില ശക്തികളുണ്ട്. കൊലപാതകികളെ ഒളിപ്പിക്കുന്നവർക്കെതിരെ നടപടി എടുക്കണം. സമാധാന കരാറിൽ ഒപ്പിട്ടിരിക്കുന്നവർക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ, ഇതിലെ പാർട്ടികൾക്ക് ആത്മാർത്ഥത ഉണ്ടെങ്കിൽ ഇനിയുണ്ടാകുന്ന സംഭവവികാസങ്ങൾ തള്ളിപ്പറയുമെന്നു പറയുന്നവർ ഇതു ലംഘിച്ചു എന്തെങ്കിലും സംഭവങ്ങൾ ഉണ്ടായാൽ അവർക്കെതിരെ ഗൂഢാലോചനയ്ക്കും പ്രതികളെ സംരക്ഷിക്കുന്നതിനുമെതിരെ കേസ്സെടുക്കുന്നതിനുള്ള തീരുമാനമെടുക്കണം. രണ്ടാമത് പറയാനുള്ളത്, ആയുധ നിർമ്മാണവും ബോംബ് നിർമ്മാണവും ആയുധ ശേഖരണവും നശിപ്പിക്കണം. അതിശക്തമായി അവ പിടിച്ചെടുക്കണം. ഇന്നു ഞാൻ 'മാതൃഭൂമി' പത്രം കണ്ടപ്പോൾ സന്തോഷിച്ചു. 'സ്പെഷ്യൽ സ്കാഡ് ആയുധങ്ങൾ പിടിച്ചെടുത്തു' എന്നാണ് തലക്കെട്ട്, അതിന്റെ ഹെഡ്ഡിംഗ് വായിച്ചപ്പോൾ എനിക്ക് വലിയ ആശ്വാസം തോന്നി. പക്ഷെ താഴോട്ടു വായിച്ചപ്പോൾ നിരാശ തോന്നി. 'ശനിയാഴ്ച വിപുലമായ പോലീസ് സന്നാഹത്തോടുകൂടി ഊർജ്ജിതമായ റെയ്ഡു നടത്തി. സംഘർഷബാധിത പ്രദേശമായ പാനൂർ മേഖലയിൽപ്പെട്ട പത്തിപ്പാറയിൽ നിന്ന് രണ്ടു മഴു ഉൾപ്പെടെ ഉള്ള ആയുധങ്ങൾ പിടിച്ചെടുത്തു' എന്നാണ് ഉയർന്ന പോലീസുദ്യോഗസ്ഥൻമാരുടെ സ്കാഡ് ഇറങ്ങി പിടിച്ചെടുത്തതാണ് രണ്ടു മഴു. അവിടെ ആയുധമുണ്ട്. ആയുധ ശേഖരമുണ്ട്. ബോംബു നിർമ്മാണമുണ്ട്. അതു പിടിച്ചെടുക്കുന്നതിനുള്ള തന്റേടം കാണിക്കണം. മൂന്നാമത് എനിക്കൊരു സജഷനുള്ളത്, വിശ്വസനീയത നഷ്ടപ്പെട്ട ഉദ്യോഗസ്ഥൻമാരെ അവിടെ നിന്ന് മാറ്റണം.ഞാൻ പേരു പറയുന്നില്ല. അങ്ങേയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. സമാധാന ചർച്ചയിൽ ഭരണകക്ഷിയിൽപ്പെട്ടവർ, സി.പി.ഐ (എം) ന്റെ പ്രതിനിധികളുൾപ്പെടെ കക്ഷിഭേദമെന്യേ അവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളുണ്ട്. അങ്ങേയ്ക്ക് കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുമുണ്ട്. ഈ മൂന്നു കാര്യങ്ങൾ, ഗൂഢാലോചനയിൽ പങ്കാളികളാകുന്നവരെക്കൂടി പ്രതിയാക്കുക, ആയുധശേഖരങ്ങൾ പിടിച്ചെടുക്കുക, വിശ്വസനീയതയുള്ള ഉദ്യോഗസ്ഥൻമാരെ ക്രമസമാധാനപാലനത്തിനുവേണ്ടി വിനിയോഗിക്കുക എന്നിവ ചെയ്താലേ അവിടെ ഇന്നുണ്ടാക്കിയിട്ടുള്ള സമാധാന കരാർ ശാശ്വതമാകുകയുള്ളൂ. ഞങ്ങൾ പറയുന്നത് അങ്ങയെ കുറ്റപ്പെടുത്താനല്ല. ഗവൺമെന്റിനെ കുറ്റപ്പെടുത്താനുമല്ല. പക്ഷെ ഇനിയും അവിടെ മനുഷ്യ രക്തം വീഴരുത്. മനുഷ്യ ജീവന് വില കൊടുക്കുന്ന സാഹചര്യമുണ്ടാക്കണം. അതിനു പൂർണ്ണമായിട്ടുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകണം. നമുക്ക് പൊളിറ്റിക്സ് ഓഫ് വയലൻസ് അല്ല വേണ്ടത്. ജനങ്ങൾക്ക് നൻമ ചെയ്യുന്നതിനുവേണ്ടി നമുക്ക് മൽസരിക്കാം. ജനങ്ങളെ കൊല ചെയ്യുന്നതിന് വേണ്ടിയുള്ള മൽസരം നമുക്ക് അവസാനിപ്പിക്കാം. 21-ാം നൂറ്റാണ്ടിനെക്കുറിച്ചും മാനവീയത്തെക്കുറിച്ചും പറയുന്ന ഈയവസരത്തിൽ നമുക്ക് മനുഷ്യന്റെ നൻമയ്ക്കുവേണ്ടി മൽസരിക്കാം. മനുഷ്യന്റെ കൊലയ്ക്കു വേണ്ടിയുള്ള മൽസരം നിർത്താം. സമാധാനം ശാശ്വതമാക്കാൻ സഭ നിർത്തിവച്ചു ചർച്ച ചെയ്യണം. ഞങ്ങൾ പറയുന്നത് നല്ല ഉദ്ദേശത്തോടു കൂടിയാണ്. ഇതു പോലുള്ള വീഴ്ചകൾ മനസ്സിലാക്കി അതു തിരുത്തുകയും കുറ്റക്കാരുടെ പേരിൽ നടപടി എടുക്കുകയും വേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു മറ്റൊരു രീതിയിൽ കാണരുത്. സമാധാനം ശാശ്വതമാക്കാൻ വേണ്ടി ചർച്ച വേണം. അതിനു സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സർവ്വകക്ഷി സമാധാന സമ്മേളനത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ഇന്റലിജൻസ് ഡി.ഐ.ജി. വിൻസന്റ് പോളിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീമിനെ സംഘർഷ മേഖലയിൽ നിയോഗിച്ചിട്ടുണ്ട്. ഡി.ഐ.ജി. ക്കു പുറമേ മൂന്നു പോലീസ് സൂപ്രണ്ടുമാരും മൂന്നു എ.എസ്.പി.മാരും അഞ്ചു ഡിവൈ.എസ്.പി.മാരും വിവിധ റാങ്കിലുള്ള അറുനൂറോളം പോലീസ് സേനാംഗങ്ങളും ഈ സ്പെഷ്യൽ ടീമിലുണ്ട്. ആയുധങ്ങളും സ്ഫോടക വസ്തുക്കളും കണ്ടെടുക്കാനും പുതിയ അക്രമസംഭവങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ അമർച്ച ചെയ്യാനുമുള്ള ചുമതലയാണ് ഈ സ്പെഷ്യൽ ടീമിനുള്ളത്. അക്രമ സംഭവങ്ങളോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സന്വേഷണം അടിയന്തിരമായി പൂർത്തീകരിക്കാനും പ്രതികളെ പിടിക്കുന്നതിനുമുള്ള പ്രത്യേക ചുമതല ഉത്തരമേഖലാ ഐ.ജി., ഡി.ഐ.ജി. കണ്ണൂർ ജില്ലാ സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ മേഖലയിൽ പോലീസ് പ്രവർത്തനങ്ങളെ സംബന്ധിച്ച് ഓരോ ആഴ്ചയിലും ഡി.ജി.പി. അവലോകനം നടത്തി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അക്രമസംഭവങ്ങളിൽ വീടുകളും കടകളും വസ്തുക്കളും നഷ്ടപ്പെട്ടവർക്ക് സഹായം നൽകണമെന്ന ആവശ്യം വിവിധ കക്ഷിനേതാക്കൾ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. സമാധാന സമ്മേളനത്തിന്റെ ഭാഗമായി നടന്ന ചർച്ചയിൽ വിവിധ നേതാക്കൾ ഉന്നയിച്ച കാര്യങ്ങളും സർക്കാർ പരിശോധിക്കുന്നുണ്ട്. സംഘർഷ മേഖലയിൽ സമാധാന ജീവിതം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾക്കാണ് സർക്കാർ പരമ പ്രാധാന്യം നൽകിയിട്ടുള്ളത്. പോലീസിന്റെ നിഷ്പക്ഷവും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനോടൊപ്പം രാഷ്ട്രീയ പാർട്ടികളുടെ കൂട്ടായ സമാധാന പരിശ്രമങ്ങളും അനിവാര്യമാണ്. ഇതു രണ്ടും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ജനങ്ങളുടെ സമാധാനപരമായ ജീവിതം ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. കുറ്റവാളികളെ അമർച്ച ചെയ്യുന്നതിനും മുഖം നോക്കാതെ നടപടികൾ സ്വീകരിക്കും. സമാധാനം ഉറപ്പുവരുത്തുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം സർക്കാരിനുണ്ടാകുമെന്ന് ഉറപ്പുണ്ട്. ജനങ്ങളുടെ സഹകരണത്തോടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് ഈ സർക്കാർ പ്രാധാന്യം നൽകുന്നത്. സംഘർഷ മേഖലയിൽ ഇപ്പോൾ സ്ഥിതിഗതികൾ പൂർണ്ണ നിയന്ത്രണത്തിലും സമാധാന

LIBRARY ARCHIVES Kerala Legislative Assembly

പരവുമാണ്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച നടത്തേണ്ട ആവശ്യമു ണ്ടെന്നു തോന്നുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധി ക്കുന്നു.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു).

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, നമ്മുടെ നിയമസഭ യിൽ പ്രതിപക്ഷത്തുനിന്നു സാധാരണ അടിയന്തിര പ്രമേയങ്ങൾ അവതരിപ്പി ക്കുമ്പോഴെല്ലാം സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകാറുള്ള സ്ഥിരം പ്രതികരണ ഭാഷയിലാണ് വളരെ ഗൗരവകരമായ ഈ അടിയന്തിരപ്രമേയത്തിനും ബഹു മാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നു മറുപടി ഉണ്ടായത്. ഞങ്ങൾ ഇന്ന് ഈ അടിയന്തിര പ്രമേയം അവതരിപ്പിച്ചത്, നിയമസഭാ സമ്മേളനത്തിന്റെ ആദ്യ ദിവസം സർക്കാരിനെതിരായി ഒരു ആരോപണമുന്നയിച്ച്, സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തണമെന്നുള്ള ഉദ്ദേശത്തിലല്ല. അതിനെത്തുടർന്ന് സഭ യ്ക്കകത്ത് എന്തെങ്കിലുമൊക്കെ സംഭവവികാസങ്ങളുണ്ടാക്കണമെന്ന ഉദ്ദേശ ത്തിലുമല്ല. ഈ നിയമസഭാ സമ്മേളനത്തിന് ഒരു പ്രത്യേകതയുണ്ട്. ഇരു പതാം നൂറ്റാണ്ടിൽ കേരള നിയമസഭയിൽ നടക്കുന്ന അവസാനത്തെ സമ്മേള നമാണ്. ഡിസംബർ 29 ന് അവസാനിക്കുന്ന ഈ നിയമസഭാ സമ്മേളനം കഴി ഞ്ഞാൽ നാമെല്ലാം പിന്നെ ഒരുമിച്ചു കൂടാൻ പോകുന്നത് അടുത്ത ഒരു പുതിയ നൂറ്റാണ്ടിലായിരിക്കും. ലോകം മുഴുവൻ അടുത്ത നൂറ്റാണ്ടിനെ വര വേൽക്കാനുള്ള തയ്യാറെടുപ്പിലാണ്. ഇന്ത്യയിൽ പുതിയൊരു നൂറ്റാണ്ടിനെ സ്വീകരിക്കാനും ഒരുപാട് തയ്യാറെടുപ്പുകൾ നടത്തുന്നുണ്ട്. കേരളത്തിൽ ഞങ്ങൾ ഞങ്ങളുടേതായ ചില കാരണങ്ങളാൽ സംശയിച്ച് ദൂരെ നിൽക്കുന്നു ണ്ടെങ്കിലും കൊട്ടും കുരവയുമായി ഒരുപാട് മാമാങ്കത്തിനുള്ള തയ്യാറെടുപ്പു കൾ നടന്നുവരികയാണ്. അടുത്ത നൂറ്റാണ്ടിനുമുൻപ് കേരളത്തിൽ ചിലതു നടക്കണം. അടുത്ത നൂറ്റാണ്ടിൽ ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ കണ്ട കേരളമാകരുത് എന്നാണ് ആഗ്രഹിക്കുന്നത്. ഇന്നത്തെ ഈ അടിയന്തിര പ്രമേയം അവതരിപ്പിച്ചപ്പോൾ ഞങ്ങളുടെ മനസ്സിലുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നവും അതുതന്നെയാണ്. ഈ നൂറ്റാണ്ടിന്റെ അവസാന കാലഘട്ടങ്ങളിൽ കേരളം കണ്ട ദുഃഖകരമായ പല കാഴ്ചകളും അടുത്ത നൂറ്റാണ്ടിൽ കേരള ത്തിൽ അരങ്ങേറരുത്. അടുത്ത നൂറ്റാണ്ടിലെങ്കിലും അക്രമരാഷ്ട്രീയവും കൊലപാതക രാഷ്ട്രീയവും പ്രതികാര രാഷ്ട്രീയവും പലിശസഹിതം തിരിച്ച ടിക്കുന്ന രാഷ്ട്രീയവും ഈ കേരള മണ്ണിൽ നാം കാണുന്ന സാഹചര്യമു ണ്ടാകരുത്. ഈ പ്രതികാര രാഷ്ട്രീയം, കൊലയ്ക്കു കൊല, കണ്ണിനു കണ്ണ്, മൂക്കിനു മൂക്ക്, പല്ലിനു പല്ല് ഇങ്ങനെയുള്ള ഈ കാടത്ത രാഷ്ട്രീയം ഈ നൂറ്റാണ്ടിന്റെ ഒടുവിൽ ആറടി മണ്ണിൽ കുഴിച്ചുമൂടണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതിന് ഏറ്റവും നല്ല സന്ദർഭം പുറത്ത് പണം വാരിക്കോരി മാമാങ്കം സംഘടിപ്പിക്കുകയല്ല, ഈ നൂറ്റാണ്ടിൽ മനുഷ്യരക്തം നമ്മുടെ തെരുവീഥികളിൽ ഒഴുകാനുള്ള കാരണമെന്തെന്ന് മനസ്സിലാക്കി ആ സാഹ ചര്യം ഒഴിവാക്കുന്നതിനുള്ള ഒരു ചർച്ചയ്ക്കുശേഷം ഈ കേരളത്തിലെ പ്രമുഖ രാഷ്ട്രീയ കക്ഷികൾ, നേതാക്കൻമാർ, ജനാധിപത്യത്തിന്റെ ശ്രീകോ വിലിൽ ഇരുന്നുകൊണ്ട് പ്രതിജ്ഞയെടുക്കാൻ വേണ്ടിയാണ് ഞങ്ങൾ ചർച്ച വേണമെന്നു പറഞ്ഞത്. കണ്ണൂർ സംഭവത്തിന്റെ ഒരു ഘട്ടത്തിലും ഞങ്ങൾ രാഷ്ട്രീയം കളിച്ചിട്ടില്ല. നിങ്ങൾ, ഞങ്ങൾ എന്ന സമീപനം ഞങ്ങൾ കണ്ടിട്ടി

LIBRARY ARCHIVES Kerala Legislative Assembly

ല്ല. ഒരു പ്രതിപക്ഷ രാഷ്ട്രീയ കക്ഷി ജനാധിപത്യത്തിൽ കാണിക്കാവുന്ന ഏറ്റവും വലിയ ഉത്തരവാദിത്വ ബോധത്തോടുകൂടിയാണ് ഞങ്ങൾ ഈ പ്രശ്നം കൈകാര്യം ചെയ്തത്. ഞാൻ ഡൽഹിയിൽനിന്നും വന്ന അവസരത്തിലാണ് ഈ സംഭവം അറിഞ്ഞത്. ആ സംഭവം അറിഞ്ഞ് ഏതാനും മണിക്കൂർ കഴിഞ്ഞപ്പോൾ എന്നെ ശ്രീ. ഇ. അഹമ്മദ് കോഴിക്കോട്ടുനിന്നും വിളിച്ചു. അദ്ദേഹം പറഞ്ഞു. സ്ഥിതിഗതികൾ വളരെ ഭയാനകവും ഗൗരവകരവുമാണ്. ആളുകൾ ഭയംകൊണ്ട് പുറത്തിറങ്ങി നടക്കുന്നില്ല. എന്തും സംഭവിക്കുന്ന ഒരു സാഹചര്യമാണ്. അതുകൊണ്ട് സമാധാനം സ്ഥാപിക്കാൻവേണ്ടി എന്തെങ്കിലും ചെയ്യണം. ശ്രീ. അഹമ്മദ് മുഖ്യമന്ത്രിയുമായും ബി.ജെ.പി. നേതാവ് ശ്രീ. സി.കെ. പത്മനാഭനുമായും ബന്ധപ്പെട്ടിരുന്നു. ശ്രീ. പാണക്കാട് ശിഹാബ് തങ്ങളുമായി ഇതേക്കുറിച്ച് ചർച്ച ചെയ്ത് അദ്ദേഹത്തിന്റെ ഉപദേശം തേടി. എനിക്ക് അവിടെ സമാധാനത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന അഭിപ്രായമുണ്ട് എന്ന് ശ്രീ. അഹമ്മദ് പറഞ്ഞുയ ഞാൻ പറഞ്ഞു ശ്രീ. അഹമ്മദ് സാഹിബേ ഇതു നല്ല കാര്യമാണ്, നമ്മൾ ഈ കാര്യം രാഷ്ട്രീയമായി കൈകാര്യം ചെയ്യണ്ട, തലശ്ശേരി എന്തെന്ന് എനിക്കറിയാം. പണ്ട് തലശ്ശേരിയിൽ കലാപമുണ്ടായപ്പോഴും ആദ്യമായി തലശ്ശേരിയിൽ ഓടിയെത്തി രണ്ടു ദിവസം അവിടെ ക്യാമ്പു ചെയ്ത് അന്നത്തെ ആ കലാപകേന്ദ്രങ്ങൾ മുഴുവൻ സന്ദർശിച്ച ഒരു വ്യക്തിയാണ് ഞാൻ. തലശ്ശേരി ആപത്താണ്. പടർന്നുപിടിക്കും, അതുകൊണ്ട് ശ്രീ. അഹമ്മദ് സാഹിബേ ധീരമായി മുന്നോട്ടു പോകുക. അനൗദ്യോഗികമായി സമാധാനത്തിന് നിങ്ങൾ ശ്രമിക്കുക എന്ന് ഞാൻ പറഞ്ഞു. അല്ലാതെ പ്രശ്നം വഷളാക്കാനല്ല ഞങ്ങൾ ആഗ്രഹിച്ചത്. അദ്ദേഹം വീണ്ടും മുഖ്യമന്ത്രിയുമായും ബി.ജെ.പി. നേതാക്കൻമാരുമായും ബന്ധപ്പെട്ടു. അങ്ങനെയാണ് 5-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. സി.കെ. പത്മനാഭനും തമ്മിൽ കാണാമെന്ന ധാരണയുണ്ടായത്. അന്ന് ഞങ്ങളെടുത്ത പരിപാടി, പ്രശ്നം ആളിക്കത്തിക്കാനല്ല, പ്രശ്നം അവസാനിപ്പിക്കാനാണ്. അല്ലാതെ സർക്കാരിന് അസൗകര്യമുണ്ടാക്കുന്ന തരത്തിൽ, നായനാർ സർക്കാരിനെ അടിക്കാൻ കിട്ടിയിരിക്കുന്ന ഒന്നാം തരം വടിയാണിത്. അതുകൊണ്ട് ആ സംഭവം ഊതിവീർപ്പിക്കാം, ആളിക്കത്തിക്കാം, എരിതീയിൽ എണ്ണ ഒഴിക്കാമെന്ന് ഞങ്ങൾ ആഗ്രഹിച്ചില്ല. ഞങ്ങൾ അന്നേ സമാധാനത്തോടുകൂടി പ്രവർത്തിച്ചു. അന്നുരാത്രിതന്നെ ഞാൻ കണ്ണൂർക്കുപോയി. സംഭവ സ്ഥലത്തേക്കു പോകുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോൾ ഇപ്പോൾ അവിടെ കളക്ടറുടെ അനുവാദമില്ലാതെ ആർക്കും പോകാൻ നിവൃത്തിയില്ലായെന്ന് പോലീസ് പറഞ്ഞു. രാവിലെ ഞാൻ കളക്ടറുമായി ബന്ധപ്പെട്ടു. 15 വയസിനു മുകളിലുള്ള ആർക്കും പുറത്തിറങ്ങി നടക്കാൻ വയ്യാത്ത ഒരു അനൗദ്യോഗിക കർഫ്യൂ അവിടെയുണ്ട്, അവിടെ സ്ഥിതിഗതികൾ മോശമാണ്, അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെ പോകാതിരിക്കുന്നതാണ് നല്ലത് എന്ന് കളക്ടർ പറഞ്ഞു. എനിക്കുവേണമെങ്കിൽ സാഹസികമായി അവിടെ പോയി നിങ്ങൾക്ക് തലവേദനയുണ്ടാക്കാൻ ശ്രമിക്കാമായിരുന്നു. ഞാൻ കളക്ടറുടെ അഭിപ്രായത്തെ മാനിക്കുകയാണ് ചെയ്തത്. വൈകുന്നേരം ഞാൻ രണ്ടാമതും കളക്ടറുമായി ബന്ധപ്പെട്ടു. അപ്പോഴും കളക്ടർ പറഞ്ഞത് പോലീസിന്റെയും അഭിപ്രായം എന്റെ സന്ദർശനം ഒഴിവാക്കുന്നതായിരിക്കും നല്ലത് എന്നാണ്. ഞാൻ അതിനോട് സഹകരിക്കുകയായിരുന്നു. പ്രശ്നം ഊതി വീർപ്പിക്കാൻ ആഗ്രഹമുണ്ടെങ്കിൽ എനിക്കവിടെ സീൻ ഉണ്ടാക്കാമായിരുന്നു. അവിടെവരെ പോയി പോലീസ് എന്നെ തടയുന്ന സാഹചര്യമുണ്ടാക്കാമായിരുന്നു. പക്ഷേ പാനൂരും തലശ്ശേരി

883/2010.

LIBRARY ARCHIVES Kerala Legislative Assembly

യുമെല്ലാം അറിയാവുന്ന ഒരു വ്യക്തി എന്ന നിലയിൽ, 7 മനുഷ്യർ മരിച്ചതിനു ശേഷം അവിടെയിനി ചോരക്കളമല്ല വേണ്ടത്, സമാധാനമാണ്, നമ്മൾ നിയന്ത്രിക്കുകയാണ് വേണ്ടത്, അതായിരുന്നു അപ്പോൾ ഞങ്ങളുടെ സമീപനം. പക്ഷേ സമീപനം അതാണെങ്കിലും നമുക്ക് ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം വേണ്ടേ? ആ പരിഹാരം പ്രധാനമായി നിൽക്കുന്നത് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞതുപോലെ കേന്ദ്രത്തിലെ ഭരണകക്ഷിയുടെയും കേരളത്തിലെ ഭരണകക്ഷിയുടെയും അടിസ്ഥാനപരമായ സമീപനം മാറണമെന്നതിലാണ്. കൊലയ്ക്കു കൊല, പ്രതികാര രാഷ്ട്രീയം എന്നുള്ള നിങ്ങളുടെ സിദ്ധാന്തം ഉപേക്ഷിക്കണം. അക്രമത്തിനു പരിഹാരം അക്രമമല്ല, കൊലയ്ക്കു കൊല പരിഹാര മാർഗ്ഗമല്ല; ചോരയ്ക്കു ചോര പരിഹാരമാർഗ്ഗമല്ല; ഒരു എക്സ് സർവ്വീസിനെ കൊന്നാൽ വേറൊരു എക്സ് സർവ്വീസിനെ കൊല്ലുക, ഒരു സ്കൂൾ മാസ്റ്ററെ കൊന്നാൽ വേറൊരു സ്കൂൾ മാസ്റ്ററെ കൊല്ലുക, ഒരു പാർട്ടി നേതാവിനെ കൊന്നാൽ വേറൊരു പാർട്ടി നേതാവിനെ കൊല്ലുക, ഒരു ബസ്സ് കണ്ടക്ടറെ കൊന്നാൽ വേറൊരു ബസ്സ് കണ്ടക്ടറെ കൊല്ലുക, ഇങ്ങനെ പകരത്തിനു പകരം ആളുകളെ കൊല്ലുന്ന ഈ രാഷ്ട്രീയം ഇവിടെ അവസാനിപ്പിക്കണം. അത് അവസാനിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഗൗരവകരമായ ചർച്ച ഈ അസംബ്ലിയിൽ നടക്കണം. കണ്ണൂർ സംഭവത്തിൽ മാത്രമല്ല, ഈ നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി കൊലപാതക രാഷ്ട്രീയം കേരളത്തിൽ കുഴിച്ചുമൂടണം. അതാണ് ഞങ്ങൾ ഈ ചർച്ചകൊണ്ടുദ്ദേശിക്കുന്നത്. പ്രതികാര രാഷ്ട്രീയത്തിന് കേരളം ഇനി ശവപ്പറമ്പാകരുത്. കൊലപാതകത്തിന്റെ ഫലമായി മക്കളെ നഷ്ടപ്പെട്ട അമ്മമാരും ഭർത്താവിനെ നഷ്ടപ്പെട്ട ഭാര്യമാരും പിതാവിനെ നഷ്ടപ്പെട്ട കുട്ടികളും ഈ കേരള സംസ്ഥാനത്തിൽ അടുത്ത നൂറ്റാണ്ടിലെങ്കിലും ഉണ്ടാകരുത്. ആ ഒരു നല്ല ഉദ്ദേശത്തോടുകൂടിയാണ് ഞങ്ങൾ ചർച്ച വേണമെന്നു പറയുന്നത്. കേരളത്തിലെ പോലീസിനെ ഇന്നത്തെ നിലയിൽ അവതരിപ്പിക്കരുത്. പോലീസിനെ പലരും കാണുന്നത് പോലീസായിട്ടല്ല, ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെ കാര്യസ്ഥൻമാരുടെ നിലയിലാണ്. ഡി.ജി.പി. വളരെ അധികാരമുള്ള ഉദ്യോഗസ്ഥനാണ്. ഐ.ജി. അധികാരമുള്ള ഉദ്യോഗസ്ഥനാണ്. പക്ഷേ കണ്ണൂർ ജില്ലയിൽ പോലീസിന് ഉത്തരവു കൊടുക്കുന്നത് ഡി.ജി.പി.യും ഐ.ജി.യും അല്ല, ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെ വിവിധ തട്ടുകളിലുള്ള ഓഫീസുകളിൽനിന്നും ഉത്തരവു കൊടുക്കുന്ന മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നും ഉത്തരവു കൊടുക്കുന്നത് മുഖ്യമന്ത്രിയല്ല, പാർട്ടി ഓഫീസിൽനിന്നും നിർത്തിയിരിക്കുന്ന ഒരാൾ വിളിച്ചുപറയുന്നതുവച്ചാണ് എല്ലാ ഉത്തരവുകളും പോകുന്നത്. കേരളത്തിലെ പോലീസിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തിയിരിക്കുന്നു. ഇത് തിരിച്ചുകൊണ്ടുവരാൻ സാധിക്കണം. പോലീസിന്റെ ക്രഡിബിലിറ്റി നമുക്ക് വീണ്ടെടുക്കണം ..... (ബഹളം) ..... എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട്, ഈ ഗവൺമെന്റിനോട് പറയാനുള്ളത്, നിങ്ങൾ പുതിയ നൂറ്റാണ്ടിനെ വരവേൽക്കാൻ പല കാര്യങ്ങളും ആലോചിക്കുന്നവരാണ്. അങ്ങനെയെങ്കിൽ പുതിയ നൂറ്റാണ്ടിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രയോറിറ്റി ഈ കേരളത്തെ കൊലപാതക രാഷ്ട്രീയമില്ലാത്ത, അക്രമരാഷ്ട്രീയമില്ലാത്ത, ചോരയ്ക്കു ചോര എന്ന മുദ്രാവാക്യമില്ലാത്ത ഒരു സംസ്ഥാനമാക്കണം. അതുകൊണ്ടാണ് കണ്ണൂർ സംഭവത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യണമെന്ന് ഞങ്ങൾ പറയുന്നത്. ഗവൺമെന്റുമായി പരമാവധി ക്രിയാത്മകമായി സഹകരിച്ച ഒരു പ്രതിപക്ഷം, കേരളത്തെ ഏറ്റവും കൂടുതൽ ദുഃഖിപ്പിക്കുന്ന, കേരളത്തിലെ ലക്ഷോപ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം കുടുംബങ്ങളെ, അമ്മമാരെ, സഹോദരിമാരെ, കുട്ടികളെയെല്ലാം ഇന്നും അലട്ടിക്കൊണ്ടിരിക്കുന്ന ഈ അക്രമ രാഷ്ട്രീയത്തിന് കൊലപാതക രാഷ്ട്രീയത്തിന്, അറുതി വരുത്തുന്നതിനുള്ള പരിഹാര മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ഒരു പുതിയ അന്തരീക്ഷമുണ്ടാക്കാനുള്ള ഞങ്ങളുടെ നിർദ്ദേശത്തെ കേവലം ഒരു ചടങ്ങു പോലെ കണ്ടുകൊണ്ട് നേരത്തെ തയ്യാറാക്കിയ ഒരു നിലപാടിന്റെ അടിസ്ഥാനത്തിൽ നിരാകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായതിൽ ദുഃഖമുണ്ട്. ആ ദുഃഖം പ്രകടിപ്പിക്കാനും ഗവൺമെന്റിന്റേയും അങ്ങയുടേയും നിലപാടിലുള്ള ഞങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്താനും വേണ്ടി ഞാനും എന്റെ കക്ഷിയിൽപ്പെട്ട മറ്റംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : സർ, കണ്ണൂരിലെ സംഭവ വികാസങ്ങളിൽ അവിടെ സമാധാന അന്തരീക്ഷമുണ്ടാക്കണമെന്ന് തീരുമാനിക്കുകയും അതനുസരിച്ച് ഞങ്ങളുടെ പ്രതിനിധിയായ ശ്രീ. ഇ. അഹമ്മദുമായി ഇക്കാര്യത്തിൽ ചർച്ച ചെയ്യാൻ തീരുമാനിക്കുകയും ചെയ്ത ഒരു പാർട്ടിയുടെ പ്രതിനിധിയെന്ന നിലയ്ക്ക് ഇന്നലെ ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ ഇന്ന് ഈ വിഷയത്തെക്കുറിച്ച് അടിയന്തിര പ്രമേയം അവതരിപ്പിക്കണമെന്ന് പറഞ്ഞപ്പോൾ തന്നെ നിലവിലുള്ള സമാധാന അന്തരീക്ഷത്തിന് കോട്ടം വരുന്ന തരത്തിൽ ഒരു നിലപാടും ഉണ്ടാകാൻ പാടില്ലായെന്ന് വളരെ വിനീതമായി ഞാൻ നിർദ്ദേശിക്കുകയുണ്ടായി. ഈ അടിയന്തിര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി സംസാരിച്ചപ്പോൾ ആ തരത്തിൽ ഒന്നും ഉണ്ടായിട്ടില്ല, അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ സാധാരണമായ സംയമനം പാലിച്ചുകൊണ്ടുതന്നെ സമാധാന അന്തരീക്ഷത്തിന് കോട്ടം തട്ടുന്ന തരത്തിൽ ഒന്നും ഉണ്ടായില്ല എന്നു കാണുന്നതിലും വളരെയധികം സന്തോഷമുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവും ആ വികാരം ഉൾക്കൊണ്ടുതന്നെയാണ് സംസാരിച്ചത്. സഭാവേദി അക്രമ രാഷ്ട്രീയത്തെ അപലപിക്കുവാൻ പ്രതിപക്ഷത്തിനുള്ള അവകാശം ഉപയോഗപ്പെടുത്തുവാൻ, ചർച്ചയിലൂടെ അവസരം ലഭിക്കുകയില്ല. സാധാരണഗതിയിൽ വാക്കൗട്ടിലൂടെ നമുക്കുള്ള അവകാശം ഉപയോഗിക്കുന്നുവെന്നല്ലാതെ, ആ അവസരം ഉപയോഗിച്ച് ഇവിടെ എരിതീയിൽ എണ്ണ പകരാൻവേണ്ടി പ്രതിപക്ഷ നേതാവും ഒട്ടും തന്നെ തയ്യാറാകുകയുണ്ടായില്ല. കേരളത്തിന്റെ മനസ്സാക്ഷി, കേരളത്തിന്റെ പ്രധാന രാഷ്ട്രീയ പാർട്ടികളൊക്കെ അക്രമ രാഷ്ട്രീയത്തിനെതിരാണെന്ന് വരും കേരള നിയമസഭയിൽ ഇന്നുണ്ടായ ചർച്ച. ഇവിടെ സൂചിപ്പിച്ചതുപോലെ പുതിയ നൂറ്റാണ്ടിലേയ്ക്ക് കടക്കുമ്പോൾ ഒരുതരം വൈരനിര്യാതന ബുദ്ധിയോടെയുള്ള രാഷ്ട്രീയ സമീപനങ്ങളെ നമ്മൾ അനുകൂലിക്കുകയില്ലയെന്നുള്ളത് സാംസ്ക്കാരിക കേരളം മനസ്സിലാക്കും. അതിനെ എല്ലാ നിഷ്പക്ഷമതികളും സ്വാഗതം ചെയ്യും. കണ്ണൂരിലെ സംഭവമെന്നുപറയുന്നത് ശ്രീ. ഇ. അഹമ്മദ്, ശ്രീ. വി.ആർ. കൃഷ്ണയ്യർ അല്ലെങ്കിൽ വേറെയുള്ളവർ ഇറങ്ങണം എന്നൊക്കെ പറയുമ്പോൾ, ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളും ഇതൊന്നും ഇഷ്ടപ്പെടാത്ത ആളുകളും ജീവിക്കുന്ന പ്രദേശമാണ്. ഒരു എട്ടാവട്ടത്തിലുള്ള പ്രദേശത്തെ ജനങ്ങൾ ഇങ്ങനെ അക്രമം തുടർന്നുകൊണ്ടിരിക്കുമ്പോൾ കർഫ്യൂ, അതുപോലുയുള്ള പ്രശ്നങ്ങൾ വന്നാൽ ആർക്കും പുറത്തിറങ്ങാൻ വയ്യാത്ത സ്ഥിതിയാണ്. എല്ലാപേർക്കും ഭയമാണ്. എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പേർക്കും സ്വത്ത് നഷ്ടമുണ്ടാകുന്നുണ്ട്. സ്വത്ത് നഷ്ടപ്പെട്ടവർക്കും കച്ചവടക്കാർക്കുമൊക്കെ നഷ്ടപരിഹാരം കൊടുക്കണമെന്ന് പറയാൻ ആഗ്രഹമുണ്ട്. പക്ഷേ ഈ ബഹളത്തിനിടയിൽ എന്ത് പറയാനാണ്. അതുകൊണ്ട് പറയാതിരിക്കുകയാണ്. യാതനയും വേദനയും അനുഭവിക്കുന്ന നിഷ്പക്ഷമായി ഇതിലൊന്നുംപെടാത്ത ഒരുപാട് നിഷ്പക്ഷമതികൾ ഈ രാജ്യത്തും ആ പ്രദേശത്തുമുണ്ട്. എല്ലാപേർക്കും വിഷമവും, ജീവിക്കാൻ പ്രയാസവുമുണ്ടാക്കുന്ന ഒരു സംഗതിയാണ്. അതുകൊണ്ട് അക്രമ രാഷ്ട്രീയത്തിൽ ഉൾപ്പെട്ടിരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ തൂക്കവ്യത്യാസങ്ങളിലേയ്ക്കും അക്രമ സംഭവങ്ങളിലേയ്ക്കുമൊന്നും കടക്കാനേ ഞാൻ ആഗ്രഹിക്കുന്നില്ല. എന്തായാലും ഈ അക്രമ രാഷ്ട്രീയത്തെ ഇല്ലാതാക്കാൻ വേണ്ടിയുള്ള നടപടികൾ ആവശ്യമാണ്. നമ്മൾ ചർച്ച ചെയ്തിരുന്നുവെങ്കിൽ അതിന് ഗുണകരമുണ്ടാകുമായിരുന്നു. അതിനുവേണ്ടിയാണ് ഇന്ന് നിയമസഭ തുടങ്ങുന്ന ദിവസംതന്നെ കേരളത്തിലുണ്ടായ ഏറ്റവും വലിയ ഒരു സംഭവ വികാസം ചർച്ച ചെയ്യണമെന്ന് പറഞ്ഞത്. ഇപ്പോൾ അവിടെ സ്ഫോടകാത്മകമായ സ്ഥിതിവിശേഷമില്ലായെങ്കിലും സ്ഫോടകാത്മകമായ സ്ഥിതിവിശേഷം ഇനിയും ഉണ്ടാകുമോയെന്നുള്ള ഭയം ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞതുപോലെ ജനങ്ങളുടെ ഇടയിൽ നിലനിൽക്കുന്നുണ്ട്. അതിന് എല്ലാപേരുംകൂടി അനുരഞ്ജന സമ്മേളനത്തിലുണ്ടായ സൗഹൃദം എന്നുപറയുന്നത് അനിതര സാധാരണമാണ്. അതുകൊണ്ടുമാത്രം പ്രശ്നം തീരുകയില്ല. ആ പ്രദേശങ്ങളെ അറിയാവുന്നവർക്ക് അറിയാം. കർശനമായ നിയമനടപടികൾ കൂടി വേണം. ഇപ്പോൾ എടുത്തിരിക്കുന്ന നടപടികൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകണം. അതുപോലെതന്നെ ഇവിടെ നിർദ്ദേശിക്കപ്പെട്ടതുപോലെ ആയുധശേഖരങ്ങൾ പിടിക്കണം. ആ പ്രദേശത്തുള്ള ആയുധ ശേഖരങ്ങൾ മറ്റു പ്രദേശങ്ങളിലേയ്ക്ക് മാറ്റുന്നുണ്ടോയെന്ന് നോക്കണം. പ്രശ്നങ്ങളുണ്ടാകാവുന്ന പല സമീപ പ്രദേശങ്ങളും ഉണ്ട്. അതുകൊണ്ടാണ് ഇവിടെ കഴിയുമ്പോൾ അങ്ങോട്ട് മാറ്റുന്നത്. അതൊക്കെ വളരെ സമർത്ഥമായി കൈകാര്യം ചെയ്യാൻ കഴിയുന്ന പോലീസ് ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇത്തരം ഒരു സംഭവമുണ്ടായത് അപമാനകരമായിപ്പോയി. അതുകൊണ്ടുകൂടിയാണ് പ്രതിപക്ഷമൊക്കെ സാധാരണയിൽ കവിഞ്ഞ സംയമനം പാലിക്കണമെന്ന നിലപാടെടുത്തത്. ഇങ്ങനെ പോയാൽ നമ്മുടെ സംസ്ഥാനം ഒരു ബീഹാറായി മാറും. ആ സ്ഥിതി നമുക്ക് വരാൻ പാടില്ല. ഇവിടെ യു.ഡി.എഫ്-ഉം എൽ.ഡി.എഫും മാറിമാറി ഭരിക്കും. നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെപ്പോലെയല്ല. കൊല്ലും കൊലയും പിടിച്ചുപറിയും പട്ടാപ്പകൽ പോലീസ് സ്റ്റേഷൻ അക്രമിക്കലും തട്ടിക്കൊണ്ടുപോകലും, പോലീസുകാരെ ആക്രമിക്കലും ഇതെല്ലാം മുഖ്യമന്ത്രിതന്നെ ഇവിടെ പറഞ്ഞു. ഈ വക കാര്യങ്ങളൊന്നും ഇവിടെ ഉണ്ടാകാൻ പാടില്ല. ഇവിടെയുണ്ടായാൽ സ്ഥിതിഗതികൾ ആകെ മാറും. ലോകം മുഴുവനുമുള്ള നല്ല പേരിന് ക്ഷീണമുണ്ടാകും. അതുകൊണ്ട് ഇന്ന് എടുത്തിരിക്കുന്ന ഈ സമീപനം ശാശ്വതമാക്കാൻ വേണ്ടിയുള്ള നടപടികളാണ് അനിവാര്യമായിട്ടുള്ളത്. അതിന്റെ നല്ല വശങ്ങൾക്ക് എല്ലാവിധ പിൻതുണയും രാഷ്ട്രീയപാർട്ടിയെന്നുള്ള നിലയ്ക്ക് ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. എന്തായിരുന്നാലും ശരി ഒരു ചർച്ച നന്നായിരുന്നു. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. കെ.എം. മാണി : സർ, കണ്ണൂരിലുണ്ടായ സംഭവ വികാസങ്ങൾ കേരളത്തെ മുഴുവൻ വേദനിപ്പിച്ച ഒരു കാര്യമാണ്. ബഹുമാനപ്പെട്ട ജയരാജൻ ഇതിനിടയിൽ ഇന്റർവീൻ ചെയ്തുകൊണ്ട് ചോദിക്കുകയുണ്ടായി, പ്രതിപക്ഷത്തിന്റെ ലക്ഷ്യം സമാധാനമാണോ എന്ന്? ഞാൻ ഗവൺമെന്റിനോടും ഭരണകക്ഷിയോടും ഒരു കാര്യം ചോദിക്കട്ടെ. ഞാൻ ആ സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി. ആ സമ്മേളനത്തിൽ സംബന്ധിച്ച് ഗവൺമെന്റിന് എല്ലാവിധ സഹകരണവും നൽകി. ഇവിടെത്തെ നിയമസമാധാന തകർച്ചയെ സംബന്ധിച്ച് ഞങ്ങൾ ആരും സംസാരിക്കരുത്, സംസാരിച്ചാൽ സമാധാനത്തിന് ഭംഗമാകും എന്നൊരു നിലപാട് ശരിയല്ല. കണ്ണൂരിൽ ശാശ്വതമായ സമാധാനം ഉണ്ടാകണമെന്നുണ്ടെങ്കിൽ കണ്ണൂരിലെ സംഭവ വികാസങ്ങൾ എങ്ങനെയുണ്ടായി? അതിന് വഴിതെളിച്ച കാരണങ്ങൾ എന്താണ്? ആ കാരണങ്ങൾ ഒഴിവാക്കാൻ കഴിയുമോ? ഇതാണ് പരിശോധിക്കേണ്ടത്. അങ്ങനെയാണെങ്കിൽ വാസ്തവത്തിൽ ഇന്നത്തെ ഈ ചർച്ച ഗവൺമെന്റ് അനുവദിക്കേണ്ടതായിരുന്നു. ഞങ്ങൾ സൃഷ്ടിപരമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് കണ്ണൂരിൽ ശാശ്വതമായ സമാധാനം സൃഷ്ടിക്കാനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമായിരുന്നു. ഈ നിയമസഭയ്ക്ക് ആ അവസരം നിഷേധിക്കുകയുണ്ടായി. കേരളത്തെ സാരമായി ബാധിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം ചർച്ചയ്ക്ക് അവസരം നിഷേധിച്ചത് തെറ്റായിപ്പോയി എന്നുള്ളതാണ് എന്റെ അഭിപ്രായം. ഞങ്ങൾ സമാധാന സമ്മേളനത്തിൽ ഒന്നുരണ്ടു കാര്യങ്ങൾ പറയുകയുണ്ടായി. സമാധാന സമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ, വാസ്തവം പറഞ്ഞാൽ ഇതിനെല്ലാം കാരണമായത് അവിടത്തെ പോലീസിന്റെ നിർവീര്യതയാണ്, ഗവൺമെന്റിന്റെ പോലീസ് നയമാണ്. ഞാൻ സമാധാന സമ്മേളനത്തിൽ പോലീസ് നയം തിരുത്തണമെന്ന് ആവശ്യപ്പെട്ടു. ഇത് പ്രധാനപ്പെട്ട കാര്യമാണ്. പോലീസ് നയം തിരുത്തുകയെന്നുപറഞ്ഞാൽ ഇവിടെ അക്രമികൾക്ക് പിൻതുണ നൽകുന്ന പോലീസ് നയം തിരുത്തണം. ഇവിടെ അക്രമികളുടെ പേരിൽ നടപടിയില്ല. പ്രത്യേകിച്ച് ഭരണകക്ഷിയാണെന്നുണ്ടെങ്കിൽ അതിൽ പ്രത്യേകിച്ച് ആഭ്യന്തരം കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയുടെ കക്ഷിയാണെന്നുണ്ടെങ്കിൽ അവർക്ക് സ്വാതന്ത്ര്യമായി അക്രമങ്ങൾ നടത്താം. ഇതിനെ തടയാൻ കഴിയുന്നില്ല എന്നുള്ളതാണ്. അതുകൊണ്ട് മുഖം നോക്കാതെ നടപടിയെടുക്കാൻ പോലീസിന് സ്വാതന്ത്ര്യം കൊടുക്കണമെന്ന് ഞാൻ തുറന്നുപറയുകയാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ. സമ്മേളനം കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞിട്ടും പ്രതികളെ പിടിക്കാൻ കഴിഞ്ഞോ? ഗവൺമെന്റും പോലീസും എന്ത് ചെയ്തുവെന്നതിന്റെ അടിസ്ഥാനത്തിലാണ് സമാധാന സമ്മേളനത്തിന്റെ വിജയത്തെ വിലയിരുത്തേണ്ടത്. ഒരു ക്ലാസ് മുറിയിൽ കയറി പിഞ്ചുകുട്ടികളുടെ മുൻപിൽവച്ച് ക്ലാസെടുത്തുകൊണ്ടിരുന്ന ഒരു അദ്ധ്യാപകന്റെ കഴുത്തറുത്ത് നിഷ്ഠൂരമായി കൊലചെയ്ത ആ സംഭവത്തെ സംബന്ധിച്ചിടത്തോളം പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പ്രവർത്തകനായ മനോജിനെ കൊലചെയ്ത പ്രതിയെ പിടിക്കാൻ കഴിഞ്ഞോ? ബി.ജെ.പി.ക്കാർ കൊല ചെയ്തു. ആ പ്രതികളെ അറസ്റ്റ് ചെയ്തോ? ഏഴുപേരാണ് മരിച്ചത്. ആ ഏഴുപേരുടെ മരണത്തിന് ഉത്തരവാദികളായ പ്രതികളെ മുഴുവൻ പിടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ലെങ്കിൽ വളരെ ഗുരുതരമായ കാര്യമാണ്. അക്രമം നടത്തുന്ന ആളുകൾക്ക് ഒരിക്കലും സംരക്ഷണം കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ പാടില്ല. കണ്ണൂർ സംഭവംതന്നെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അങ്ങനെയുള്ള ആളുകൾക്ക് സംരക്ഷണം കൊടുക്കാതെ അവരെ പിടിക്കുകയും, നിയമവിധേയമാക്കുകയും അക്രമങ്ങൾ അമർച്ച ചെയ്യുകയും ചെയ്യാൻ ഗവൺമെന്റ് വേണ്ടത്ര ആത്മാർത്ഥത കാണിക്കുന്നില്ലായെന്നുള്ളതാണ് ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ആക്ഷേപം. ഇവിടെ ബോംബുകൾ നിർമ്മിക്കുന്നു, ബോംബുകൾ കയ്യിലിരുന്നു പൊട്ടുന്നു, കൈകൾ നഷ്ടപ്പെടുന്നു, ആളുകൾ മരിക്കുന്നു, കളക്ടറേറ്റിൽ ബോംബുകളുമായി വരുന്നു, കണ്ണൂരിലെ എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കൻമാരും ബോംബുകളും കഠാരയും മഴുവുമായിട്ടാണ് ഇപ്പോൾ സഞ്ചരിക്കുന്നത്. ആയുധങ്ങൾ മുഴുവൻ പിടിക്കണം. ഒരാഴ്ചയായി എത്ര ആയുധങ്ങൾ നിങ്ങൾ പിടിച്ചെടുത്തു? എത്ര ബോംബുകൾ പിടിച്ചെടുത്തു; എത്ര ബോംബ് നിർമ്മാണ കേന്ദ്രങ്ങൾ കണ്ടെടുത്തു. പോലീസുകാർ അക്കാര്യത്തിൽ എത്രമാത്രം ആത്മാർത്ഥത പ്രകടിപ്പിക്കുന്നു എന്നുള്ളത് വിലയിരുത്തേണ്ട കാര്യമാണ്. കണ്ണൂർ സമാധാന സമ്മേളനത്തിൽ പറഞ്ഞ തീരുമാനങ്ങൾ ആത്മാർത്ഥമായി നടപ്പിലാക്കാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടില്ലെങ്കിൽ തീർച്ചയായും അക്കാര്യത്തെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. പോലീസുകാർക്കെതിരെ അക്രമങ്ങൾ നടക്കുന്നതിനെ സംബന്ധിച്ചും അവിടെ ചർച്ച ഉണ്ടായി. പോലീസുകാർക്കെതിരെ അക്രമങ്ങൾ ഉണ്ടാകാൻ പാടില്ല. അക്കാര്യം ഞങ്ങൾ സമ്മതിക്കുന്നു. നിയമ പാലകൻമാരായ പോലീസുകാരെ ആക്രമിച്ചാൽ പിന്നെ എങ്ങനെ നിയമപാലനം നടക്കും? ഇവിടെ പോലീസിന്റെ ക്രെഡിബിലിറ്റി നഷ്ടപ്പെട്ടിരിക്കുന്നു. പോലീസിന്റെ ക്രെഡിബിലിറ്റി നഷ്ടപ്പെട്ടുപോയാൽ പോലീസുകാരെ ആരും ആദരിക്കുകയില്ല. പോലീസുകാർ കാക്കി ഉടുപ്പ് ഇട്ടതുകൊണ്ടുമാത്രം ആരും ആദരിക്കണമെന്നില്ല. പോലീസ് നിഷ്പക്ഷരാകണം. അവരോട് ഒരു കാര്യം പറഞ്ഞാൽ നീതി നടപ്പാക്കും, നീതിനിർവ്വഹണം നടപ്പാക്കുമെന്നുള്ള ബോധം കേരള ജനതയ്ക്ക് ഉണ്ടെങ്കിൽ മാത്രമേ പോലീസിനെ ജനങ്ങൾ ആദരിക്കുകയുള്ളൂ. ഇവിടെ വന്നിരിക്കുന്നത്, ഇന്നത്തെ പോലീസ് നയത്തിന്റെ അപാകത മൂലം, പോലീസിന്റെ നിർവീര്യതമൂലം, പോലീസിന്റെ പക്ഷപാതംമൂലം, പോലീസ് ഭരണകക്ഷിക്ക് പ്രത്യേകിച്ചും, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വിടുപണി ചെയ്യുന്ന ഒരു നിലപാട് എടുത്തതുമൂലം പോലീസിനെ പറ്റിയുള്ള ക്രെഡിബിലിറ്റി നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ആ കെഡിബിലിറ്റി വീണ്ടെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെയുള്ള കാര്യങ്ങൾ കണ്ണൂരിൽ ചെയ്തുവെങ്കിൽ മാത്രമേ കണ്ണൂരിൽ മാത്രമല്ല, കേരളത്തിൽ പൊതുവേ ക്രമസമാധാനം പരിപാലിക്കാൻ കഴിയൂ. ഇവിടെ തകർന്നുവീണ ക്രമസമാധാനം പരിപാലിച്ചുകൊണ്ട് സൈര ജീവിതം ഉറപ്പുവരുത്താൻ, കണ്ണൂരിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കാൻ കഴിയണമെങ്കിൽ ഗവൺമെന്റ് കാര്യമായി പ്രവർത്തിക്കണം. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ആത്മാർത്ഥമായ നടപടികൾ എടുക്കാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച്, പ്രത്യേകിച്ച് ശാശ്വത സമാധാനത്തിനുവേണ്ടിയുള്ള ചർച്ച തടയുന്ന ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട മറ്റ് അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അടിയന്തിരപ്രമേയ രൂപത്തിൽ ഞങ്ങൾ ഈ സഭയിൽ കൊണ്ടുവന്നത്. കണ്ണൂരിൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സമാധാന ചർച്ചയിൽ എടുത്ത തീരുമാനം അക്രമം കാണിക്കുന്നവരെ തള്ളിപ്പറയുക, അവർക്ക് യാതൊരു സംരക്ഷണവും കൊടുക്കാതിരിക്കുക എന്നുള്ളതാണ്. അതാണ് ഇന്നലെ ടെലിവിഷനിൽക്കൂടി കണ്ട, ശ്രീ. എ.സി. ഷൺമുഖദാസ് ഉദ്ഘാടനം ചെയ്ത ജാഥയിലും, സി.പി.ഐ(എം.) ന്റെ ജില്ലാ സെക്രട്ടറിയുടെ പ്രസ്താവനയിലും കേട്ടത്. പക്ഷേ ഇവിടെ പ്രതിപക്ഷനേതാവ് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീ. എം.വി. ജയരാജൻ അസഹിഷ്ണുത കാണിച്ചത് എന്തിനാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. മുഖ്യമന്ത്രിയുടെ കക്ഷിയിൽപ്പെട്ട, പാർലമെന്ററി പാർട്ടിയിൽപ്പെട്ട ഒരു വ്യക്തി, അദ്ദേഹം അവിടത്തെ ഒരു പ്രധാനപ്പെട്ട ആളാണ്, അദ്ദേഹത്തെപോലുള്ള ഒരാൾ ഇവിടെയിരുന്ന് അസഹിഷ്ണുത കാണിക്കുകയാണ്. പറയുന്ന കാര്യങ്ങൾ മനസ്സിലാക്കി അസഹിഷ്ണുതയില്ലാതെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ തയ്യാറായില്ലെങ്കിൽ ഈ രാജ്യം എങ്ങോട്ട് പോകുമെന്നുള്ളതിന് തെളിവാണ് കണ്ണൂരിൽ നമ്മൾ കണ്ടത്. കേരളത്തിൽ ഒറ്റപ്പെട്ട രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്, സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്, പക്ഷെ കണ്ണൂരിൽ ഉണ്ടാകുന്നതുപോലെ എന്തുകൊണ്ടാണ് മറ്റുള്ളിടത്ത് ഉണ്ടാകാത്തത്? മുഖ്യമന്ത്രി കണ്ണൂർ ജില്ലയിലുള്ള ആളാണ്. അദ്ദേഹത്തിന്റെ പ്രായവും രാഷ്ട്രീയ പരിചയവും വച്ച് കണ്ണൂരിലെ പ്രശ്നമെന്താണെന്ന് അദ്ദേഹത്തിന് അറിയാം. വേറൊരാളുടെ ഉപദേശമോ ഇന്റലിജൻസ് റിപ്പോർട്ടോ അദ്ദേഹത്തിന് ആവശ്യമില്ല. പക്ഷെ, രോഗത്തിന് ചികിത്സിക്കാൻ മുഖ്യമന്ത്രിയെ ആരാണ് തടസ്സപ്പെടുത്തുന്നത്? മുഖ്യമന്ത്രി സ്വയം പിൻമാറുന്നുവോ അതോ മുഖ്യമന്ത്രിയെ ആരെങ്കിലും നിയന്ത്രിക്കുന്നുവോയെന്ന് മനസ്സിലാകുന്നില്ല. ഇതിന് ഉത്തരം കിട്ടിയേ പറ്റൂ. ഇവിടെ പോലീസ് നിർവീര്യമാണെന്ന് ഞങ്ങൾ പറയുമ്പോൾ അത് പ്രതിപക്ഷത്തിരുന്നുകൊണ്ട് ഉന്നയിക്കുന്ന ആക്ഷേപമല്ല. ചർച്ചയിൽ സി.പി.ഐ.(എം) ന്റെ പ്രതിനിധികളും മറ്റ് കക്ഷിയിൽപ്പെട്ട ആളുകളും പറഞ്ഞു, പോലീസിനെ സ്വാതന്ത്ര്യമായി പ്രവർത്തിക്കാൻ അനുവദിക്കണമെന്ന്. ഐ.ജി.യുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ ടീമിനെ നിയമിച്ചുവെന്ന് മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. അത് ആവശ്യമുള്ള കാര്യമാണ്. പക്ഷേ അവിടെ ഇപ്പോൾ ലാ ആന്റ് ഓർഡർ കൈകാര്യം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച് ആക്ഷേപമുണ്ട്. അത്തരം പോലീസുകാരെ മാറ്റിനിർത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിൽ വേറെ എത്രയോ പോലീസുകാരുണ്ട്. അങ്ങനെയുള്ള പോലീസുകാരെ അവിടെ നിയമിക്കണം. അവിടെ സമാധാനമാണ് ആഗ്രഹിക്കുന്നതെങ്കിൽ അതല്ലേ ചെയ്യേണ്ടത്? അങ്ങനെ ചെയ്യാതെ ആരുടെ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കാനാണ് അവരെ അവിടെത്തന്നെ പ്രതിഷ്ഠിച്ചിരിക്കുന്നത്? കണ്ണൂരിൽ ഒന്നിനൊന്ന് അല്ലെങ്കിൽ രണ്ട്, അതാണ് നടക്കുന്നത്. ഇവിടെ ശ്രീ. ജയരാജനെ വെട്ടിയ കാര്യത്തെക്കുറിച്ച് പറയുകയുണ്ടായി. അദ്ദേഹത്തിന് ഇനി മുന്നോട്ടുള്ള നീക്കത്തിൽ അംഗവൈകല്യമില്ലാതെ പോകാൻ കഴിയുമോ? കണ്ണൂർ ജില്ലയിലെ ഒരുപാട് കൊലപാതകങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ട്. ഒരു അദ്ധ്യാപകനെ പിഞ്ചുകുഞ്ഞുങ്ങളുടെ മുമ്പിൽവച്ച് വെട്ടിനുറുക്കുന്നത് ഇതാദ്യമായാണ്. അതിലൊരു കുട്ടി ടെലിവിഷനിലൂടെ പറഞ്ഞ വാക്കുകൾ ഇന്നലെ സൂര്യ ടി.വി. ടെലികാസ്റ്റ് ചെയ്തു. ആ കുഞ്ഞിന്റെ വാക്കുകൾ കേട്ടാൽ മനുഷ്യഹൃദയമുള്ളവർ ഇതുപോലുള്ള സംഭവങ്ങൾ ഒരിക്കലും ആവർത്തിക്കുകയില്ല, ഇത്തരം കാര്യങ്ങൾ അംഗീകരിക്കു

കയുമില്ല. രണ്ട് കുട്ടികൾ മലബാർ ഭാഷയിൽ പറഞ്ഞ കാര്യങ്ങൾ മലയാള മനോരമ പത്രത്തിലൂടെ വരികയുണ്ടായി. പിഞ്ചു കുഞ്ഞുങ്ങളുടെ മുന്നിലിട്ടാണ് അദ്ധ്യാപകനെ വെട്ടിനുറുക്കിയത്. കൊല്ലപ്പെട്ട വ്യക്തി ബി.ജെ.പി.ക്കാരനോ മാർക്സിസ്റ്റുകാരനോ എന്നുള്ളതല്ല പ്രശ്നം. അവിടെ കർഫ്യൂ പ്രഖ്യാപിച്ചില്ലെങ്കിലും കർഫ്യൂവിന്റെ രീതിയിലുള്ള നടപടിയിലേയ്ക്ക് പോയി. കണ്ണൂരിലെ കൊലപാതകം അവസാനിപ്പിക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ക്രിയാത്മകമായി പറയുന്ന കാര്യങ്ങൾ കേൾക്കണമെന്ന് പറയുന്നത്. കേരളത്തിലെ പോലീസ് സേനയെ സംബന്ധിച്ച് പറയുകയാണെങ്കിൽ നല്ല പിടിപ്പുള്ള ഉദ്യോഗസ്ഥൻമാർ ഉണ്ട്. അവർക്ക് സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തിക്കാനുള്ള അനുവാദം കൊടുത്താൽ അവിടെ സമാധാനം ഉണ്ടാകും. എന്നോട് ഒരു നേതാവ് സ്റ്റീൽ ബോംബ് എന്താണെന്ന് വിവരിച്ചു പറയുകയുണ്ടായി. ഞാൻ അതിശയപ്പെട്ടുപോയി. അങ്ങ് തിരുവനന്തപുരം ജില്ലക്കാരനും ഞാൻ എറണാകുളം ജില്ലക്കാരനുമാണ്. നമ്മുടെ നാട്ടിൽ രാഷ്ട്രീയക്കാർ സ്റ്റീൽ ബോംബ് ഉണ്ടാക്കുന്നതും മറ്റും ആരും കേട്ടിട്ടില്ല. ഇത്രയും കാലത്തെ പ്രവർത്തനത്തിനിടയിൽ ബോംബ് ഉണ്ടാക്കാൻ ആരും ഉപദേശിച്ചിട്ടുമില്ല. കണ്ണൂരിൽ ബോംബ് ഉണ്ടാക്കുന്നത് ഒരു ഹോബിയാണ്. സി.പി.ഐ.(എം)-കാരും ബി.ജെ.പി.ക്കാരും അതിൽ നല്ല പങ്ക് വഹിക്കുന്നുണ്ട്. രണ്ട് കൂട്ടരും ചെയ്യുന്നത് ശരിയല്ല. ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ നിങ്ങൾ തയാറാകുകയും പോലീസിനെ നിർവീര്യമാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും ചെയ്താൽ നമ്മുടെ സംസ്ഥാനത്ത് കാര്യങ്ങൾ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഈ വിഷയം നമ്മുടെ നിയമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു. ഇത് ചർച്ച ചെയ്യാൻ സൗകര്യം ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഈ വാക്കൗട്ടിൽ പങ്കുചേരുകയാണ്.

(ബഹുമാനപ്പെട്ട ടി.എം. ജേക്കബും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി. ശ്രീമതി കെ.ആർ. ഗൗരി അമ്മയും അവരോടൊപ്പം പുറത്തുപോയി. അൽപ്പസമയത്തിനുള്ളിൽ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി).

മി. സ്പീക്കർ : ഓർഡർ ..... ഓർഡർ .....

V. ശ്രദ്ധക്ഷണിക്കൽ

(1) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി റേഷൻ വിതരണം പരിമിതപ്പെടുത്താനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം

ശ്രീ. എ. കണാരൻ : സർ, റേഷൻ വിതരണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള ബി.ജെ.പി. സർക്കാരിന്റെ നീക്കത്തെ ചെറുത്തു തോൽപ്പിക്കാത്ത പക്ഷം നമ്മുടെ നാട് പട്ടിണി മരണത്തിന്റെയും തകർച്ചയുടെയും പിടിയിൽ എത്തിച്ചേരും. വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഇവിടെ വരാൻ പോകുന്നത്. ഈ ഗുരുതരമായ സ്ഥിതിവിശേഷം നേരിടാൻ സർക്കാരിന്റെ നേതൃത്വത്തിൽ എല്ലാ പാർട്ടികളേയും ഒന്നിച്ച് അണിനിരത്താൻ ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി മുൻകൈയെടുക്കണം. ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡൈസ്ഡ് റേറ്റിൽ സംസ്ഥാനങ്ങൾക്ക് നൽകുന്നത് കേന്ദ്ര സർക്കാരിന്റെ ഔദാര്യമല്ല. നാൽപ്പതു വർഷമായി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly